No.10/2018/SRG/LSGD(7)

## വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 27.09.2018 -ന് കൂടിയ യോഗത്തിന്റെ നടപടി വിവരം

യോഗം ഉച്ചകഴിഞ്ഞ് 3.00 മണിക്ക് സെക്രട്ടേറിയറ്റിലെ സൗത്ത് കോൺഫറൻസ് ഹാളിൽ ആരംഭിച്ചു. ബഹു. തദ്ദേശസ്വയംഭരണ വകുപ്പമന്ത്രി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേരു വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

### 1. തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2018-19-ലെ വാർഷിക പദ്ധതി പുരോഗതി - അവലോകനം -

27.09.2018 വരെയുള്ള ആകെ പദ്ധതി ചെലവ് 28.27 ശതമാനമാണ്. ട്രഷറികളിൽ സമർപ്പിച്ച ബില്ലുകൾ കൂടി ചേർത്താൽ ഇത് 29.73 ശതമാനം വരും. ഏറ്റവും കൂടുതൽ പദ്ധതി ചെലവ് പത്തനംതിട്ട ജില്ലയിലും (31.25 ശതമാനം) ഏറ്റവും കുറവ് എറണാകുളം ജില്ലയിലുമാണ് (25.29 ശതമാനം). വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

**തദ്ദേശഭരണ സ്ഥാപനം തിരിച്ചുള്ള ചെലവ് വിവരം**

| | |
|---|---|
| ഗ്രാമപഞ്ചായത്ത് | 28.20ശതമാനം |
| ബ്ലോക്ക് പഞ്ചായത്ത് | 32.13 ” |
| ജില്ലാ പഞ്ചായത്ത് | 30.25 ” |
| മുനിസിപ്പാലിറ്റി | 27.41 ” |
| കോർപ്പറേഷൻ | 22.42 ” |
| ആകെ | 28.27 ശതമാനം |

**ജില്ല തിരിച്ചുള്ള ചെലവ് വിവരം**

| | |
|---|---|
| പത്തനംതിട്ട | 31.25ശതമാനം |
| പാലക്കാട് | 31.2 ” |
| കണ്ണൂർ | 31.2 ” |
| കോഴിക്കോട് | 30.58 ” |
| തിരുവനന്തപുരം | 29.15 ” |
| കാസർഗോഡ് | 28.54 ” |
| മലപ്പുറം | 28.20 ” |

| | |
|---|---|
| കോട്ടയം | 27.83ശതമാനം |
| കൊല്ലം | 27.29 ” |
| തൃശ്ശൂർ | 26.89 ” |
| ഇടുക്കി | 26.57 ” |
| വയനാട് | 25.59 ” |
| ആലപ്പുഴ | 25.42 ” |
| എറണാകുളം | 25.29 ” |

## 2. മുൻ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം തുടർ നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

**2.1 13.08.2018-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**ഖണ്ഡിക 4.27**

**എറണാകുളം ജില്ലാ കളക്ടറുടെ 02.08.18 ലെ 59037/18/DPO/EKM നമ്പർ കത്ത് (SRG/574/18) പറവൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 06.06.2018-ലെ കത്തും**

ബ്ലോക്ക് പഞ്ചായത്ത് നടത്തുന്ന പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റിന്റെ ദൈനംദിന പ്രവർത്തനത്തിന് വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകുന്നതിന് അനുമതി സംബന്ധിച്ച്.

സംസ്ഥാനത്തെ വിവിധ ഷ്രെഡ്ഡിംഗ് യൂണിറ്റുകളുടെ വരവും ചെലവും പരിശോധിച്ച് ശരാശരി നിരക്ക് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ റിപ്പോർട്ട് നൽകി.ഇതനുസരിച്ച് പ്രതിദിനം 965/- രൂപ വയബിലിറ്റി ഗ്യാപ് ഫണ്ടായി നൽകാൻ ശുപാർശ ചെയ്തിട്ടുണ്ട്. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ശുപാർശ ചെയ്ത പ്രകാരം വയബിലിറ്റി ഗ്യാപ് ഫണ്ടായി 6 മാസത്തേയ്ക്ക് 965/- രൂപ പ്രതിദിനം നൽകാൻ പറവൂർ ബ്ലോക്ക് പഞ്ചായത്തിന് അനുമതി നൽകുന്നു.

നടപടി:- 1) എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ
2) തദ്ദേശസ്വയംഭരണ (ഡി,സി) വകുപ്പ്

**2.2 05.09.2018-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**ഖണ്ഡിക 3.29**

**പത്തനംതിട്ട ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ 13.07.2018-ലെ P1-JP316/18-19 -ാം നമ്പർ കത്ത് (SRG/555/18)**

1) കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ കഴിഞ്ഞവർക്ക് ഉപകരണങ്ങളുടെ റിപ്പയർ സംബന്ധിച്ച്

പൊതു തീരുമാനം ഖണ്ഡിക 3.9 ബാധകമാണ്

**നടപടി- 1)** എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ
2) ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്
3) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

**ഖണ്ഡിക 4.7**

**ആലപ്പുഴ ജില്ലാ പഞ്ചായത്ത്**

**ആലപ്പുഴ ജില്ലാ കളക്ടറുടെ 30.07.2018-ലെ 2895/2018/DPC/DPO/ALP - നമ്പർ കത്ത്(SRG 596/18)**

(i) **ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 20.07.2018-ലെ PL/4463/17-ാം നമ്പർ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 27.06.2018-ലെ തീരുമാനവും**

**ഖണ്ഡിക 4.7 (iii)**

സഞ്ചരിക്കുന്ന കാൻസർ നിർണ്ണയ യൂണിറ്റ് എന്ന പ്രോജക്ട് 2018-19-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. (പ്രോ.നം. 431/18. അടങ്കൽ 40.00 ലക്ഷം രൂപ) വാഹനം വാടകയ്ക്കെടുത്ത് ജില്ലയുടെ വിവിധ ഭാഗങ്ങളിൽ മെഡിക്കൽ സംഘം എത്തി ആരംഭത്തിൽ തന്നെ ക്യാൻസർ നിർണ്ണയം നടത്തുകയാണ് ലക്ഷ്യം. 2016-17, 2017-18 വർഷവും ഈ പ്രോജക്ട് ജില്ലാ പഞ്ചായത്ത് നടപ്പാക്കിയിരുന്നു. മുൻ വർഷങ്ങളിലെ പ്രോജക്ട് നടത്തിപ്പ സംബന്ധിച്ച പഞ്ചായത്ത് ഡയറക്ടർ മുഖേന ജില്ലാ മെഡിക്കൽ ഓഫീസർ നൽകിയ റിപ്പോർട്ട് കോഓർഡിനേഷൻ കമ്മിറ്റി പരിശോധിച്ചു.

**തീരുമാനം:-** ആലപ്പുഴ മെഡിക്കൽ കോളേജിന്റേയും ജനറൽ ആശുപത്രിയുടേയും സേവനം ഉപയോഗിക്കണം. കൂടാതെ ജില്ലയുടെ സമീപ പ്രദേശങ്ങളിലെ സ്വകാര്യ മെഡിക്കൽ കോളേജുകളുടെ സഹായവും ഉപയോഗ പ്പെടുത്തണം. ഇതുവഴി പ്രോജക്ട് ചെലവ് കുറയ്ക്കാനും പ്രോജക്ട് കൂടുതൽ ഫലപ്രദമാക്കാനും കഴിയും. ഇവകൂടി ഉൾപ്പെടുത്തിവേണം പ്രോജക്ട നടപ്പാക്കേണ്ടതെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**ഖണ്ഡിക 4.12**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.08.2018-ലെ 258/2018/DPO/PKD/DPC നമ്പർ കത്തു പ്രകാരം താഴെപ്പറയുന്ന തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഷയങ്ങൾ കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിരിക്കുന്നു.**

(i) **പാലക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 09.08.2018-ലെ കത്ത്**

അനുപൂരക പോഷകാഹാര പദ്ധതിയിൽ കേന്ദ്ര വിഹിതമായി ലഭിച്ച തുകയിൽ 37,97,442/- രൂപ ബാങ്ക് അക്കൗണ്ടിൽ ബാലൻസ് ഉണ്ട്. ഈ തുകയിൽ നിന്ന് 30.00 ലക്ഷം രൂപ ഉപയോഗിച്ച് ഈ വർഷം സി.ഡി.പി.ഒയുടെ ഓഫീസിനായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള (പ്രോ.നം. 68/19) പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്. ഈ ആവശ്യം കോഓർഡിനേഷൻ കമ്മിറ്റിയുടെ 05.09.2018-ലെ യോഗം നിരസിച്ചിരുന്നു. ഈ തുക പോഷകാഹാര പരിപാടിക്കായി ചെലവഴിക്കാത്തതിന്റെ സാഹചര്യം പരിശോധിച്ച് ഗ്രാമവികസന കമ്മീഷണർ അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ റിപ്പോർട്ട് നൽകണം.

**നടപടി- 1)ഗ്രാമവികസന കമ്മീഷണർ**
**2 )തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

ഖണ്ഡിക 4.17

**ഉണ്ണികുളം ഗ്രാമപഞ്ചായത്ത്**

**കോഴിക്കോട് ജില്ലാ കളക്ടറുടെ 08.08.2018-ലെ 58704/2018/DPC/KKD നമ്പർ കത്തും ഉണ്ണികുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 06.08.2018-ലെ A3-6579/18-ാം നമ്പർ കത്തും.** (SRG /639/18)

പഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട കള്ളാടി സമുദായത്തിന്റെ ഉന്നമനത്തിനായി ''ജ്ഞാനശ്രീ കള്ളാടി സമുദായ ഉപപദ്ധതി'' എന്ന പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. (പ്രോ.നം.100/19 - അടങ്കൽ 15.00 ലക്ഷം രൂപ). ഇതു നടപ്പാക്കാൻ അനുമതി സംബന്ധിച്ച്. നൂതനപ്രോജക്ട് എന്ന നിലയിൽ തയ്യാറാക്കിയ ഇത് ജില്ലാതല വിദഗ്ദ്ധ സമിതി പരിശോധിക്കുകയോ അഭിപ്രായം അറിയിക്കുകയോ ചെയ്തിട്ടില്ല എന്ന് യോഗം വിലയിരുത്തി, ഈ പ്രോജക്ട് കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസർ പരിശോധിച്ച് വിശദമായ റിപ്പോർട്ട് നൽകിയിട്ടുണ്ട്.

**തീരുമാനം:-** പ്രത്യേക അനുമതി നൽകുന്നു. ജില്ലാ പട്ടികജാതി വികസന ഓഫീസർ ഈ പ്രോജക്ട് പ്രത്യേകമായി മേൽനോട്ടം വഹിക്കണം

**നടപടി- 1)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

ഖണ്ഡിക 4.19

**എറണാകുളം ജില്ലാ കളക്ടറുടെ 04.08.2018-ലെ 59037/18/DPO/EKM നമ്പർ കത്തുപ്രകാരം താഴെപ്പറയുന്ന തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഷയങ്ങൾ കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് നൽകിയിരിക്കുന്നു.**(SRG/602/18)

(a) **തിരുവാണിയൂർ ഗ്രാമപഞ്ചായത്ത്**

**പഞ്ചായത്തിന്റെ 20.07.2018-ലെ A2-517/18-ാം നമ്പർ പ്രകാരമുള്ള നാലു കത്തുകൾ.**

**30.05.2018-ലെ 5(2)-ാം നമ്പർ ഭരണസമിതി തീരുമാനവും**

(a) ഗ്രാമപഞ്ചായത്തിൽ BPCL ധനസഹായത്തോടെ (CSR വിഹിതം) വൃദ്ധജനങ്ങൾക്ക് പോഷകാഹാരം എന്ന പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും വെറ്റിംഗ് ഓഫീസർ അംഗീകാരം നൽകിയില്ല. (പ്രോ.നം. 157/19 - അടങ്കൽ CSR വിഹിതം 5.00 ലക്ഷം രൂപ ) ഇതിന് അനുമതി സംബന്ധിച്ച്.

**തീരുമാനം:-** CSR വിഹിതമായതിനാൽ പ്രത്യേക അനുമതി നൽകുന്നു. പ്രോജക്ട് കുടുംബശ്രീ മുഖേന നടപ്പാക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം പ്രോജക്ട് നടപ്പാക്കേണ്ടതില്ല എന്നു നിർദ്ദേശിക്കുന്നു.

**നടപടി- 1)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

ഖണ്ഡിക 4.21

**തൂണേരി ഗ്രാമപഞ്ചായത്ത്**

**കോഴിക്കോട് ജില്ലാ കളക്ടറുടെ 21.08.2018-ലെ 58704/18/DPC/KKD/CCനമ്പർ കത്തും തൂണേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 26.07.2018-ലെ A2-5187/17-ാം നമ്പർ കത്തും** (SRG 719/18)

ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി എസ്.സി.എസ്.പി. ഫണ്ട് ഉപയോഗിച്ച് ഭവന നിർമ്മാണത്തിന് 4.00 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. (പ്രോ.നം. 34/19) ലൈഫ് മാനദണ്ഡ പ്രകാരം അർഹതയുള്ള ഗുണഭോക്താക്കൾ ഇല്ലാത്തതിനാൽ ഏറ്റവും അർഹരായ മറ്റൊരു ഗുണഭോക്താവിന് ധനസഹായം നൽകാൻ അനുമതി സംബന്ധിച്ച്. ഇതിന്മേൽ ലൈഫ് ഗുണഭോക്തൃ ലിസ്റ്റ് പരിശോധിച്ച് (പട്ടികജാതി വിഭാഗക്കാരുടെ) ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പ്രതിനിധി യോഗത്തിൽ റിപ്പോർട്ട് അവതരിപ്പിച്ചു.

**തീരുമാനം:-** ഭൂമിയുള്ള അർഹരായ ഭവന രഹിതർ ഗുണഭോക്തൃ ലിസ്റ്റിൽ ഇല്ലായെങ്കിൽ ലിസ്റ്റിലെ ഭൂരഹിതർക്ക് ഭൂമി വാങ്ങി നൽകുന്നതിന് അനുമതി നൽകുന്നു. ഇതിന്മേൽ ആവശ്യമായ നിർദ്ദേശം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ നൽകണം

**നടപടി-1) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ**
**2) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

ഖണ്ഡിക 4.30

**കൊല്ലം ജില്ലാ കളക്ടർ 08.08.2018-ലെ Plg. 1623/18/DPO/KLM/CC നമ്പർ കത്തു പ്രകാരം താഴെപ്പറയുന്ന തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഷയങ്ങൾ കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക സമർപ്പിച്ചിരിക്കുന്നു.(SRG 624/18)**

**(ii) കൊല്ലം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 01.08.2018-ലെ A13 - 598(2)/-18-ാം നമ്പർ കത്ത്**

കൊല്ലം ജില്ലാ പഞ്ചായത്ത് ജില്ലാ വെറ്ററിനറി കേന്ദ്രത്തോടു ചേർന്ന് വെറ്ററിനറി മെഡിക്കൽ സ്റ്റോർ ആരംഭിച്ചിട്ടുണ്ട്. മൃഗാശുപത്രികൾക്കാവശ്യമായ മരുന്ന് ക്വട്ടേഷൻ കൂടാതെ ജില്ലാ പഞ്ചായത്തിന്റെ വെറ്ററിനറി സ്റ്റോറുകളിൽ നിന്ന് വാങ്ങാൻ അനുമതി സംബന്ധിച്ച്. ഇതിന്മേൽ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ അഭിപ്രായമാരാഞ്ഞ് അടുത്ത കോർഡിനേഷൻ കമ്മിറ്റിയിൽ പഞ്ചായത്തു ഡയറക്ടർ റിപ്പോർട്ട് നൽകണം.

**നടപടി- 1) പഞ്ചായത്ത് ഡയറക്ടർ**
**2) മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ**
**3) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

ഖണ്ഡിക 4.33

**കോഴിക്കോട് ജില്ലാ പഞ്ചായത്ത്**

**കോഴിക്കോട് ജില്ലാ കളക്ടറുടെ 01.09.2018-ലെ 58704/2018/DPC/KKD നമ്പർ കത്ത് പ്രകാരം താഴെപ്പറയുന്നവ കോഓർഡനേഷൻ കമ്മറ്റിയുടെ പരിഗണനയ്ക്ക നൽകിയിരിക്കുന്നു. ജില്ലാ പഞ്ചായത്തു പ്രസിഡന്റിന്റെ 13.08.2018, 21.08.2018 എന്നീ തീയതികളിലെ 6-3235/18-ാം നമ്പർ കത്തുകളും (3 എണ്ണം)**

(i) വനിത ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി കലാ അവതരണ രംഗത്ത് തൽപരരായ കുടുംബശ്രീ അംഗങ്ങളായ 50 പേരടങ്ങുന്ന കലാ ഗ്രൂപ്പ് രൂപീകരിച്ച് താഴെപ്പറയുന്ന നൂതന ഗണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

ഇതിന്റെ അടങ്കൽ കുറയ്ക്കുന്നതിനുള്ള സാധ്യതയും പ്രോജക്ടിന്റെ പ്രവർത്തനമടക്കമുള്ള വിശദാംശങ്ങളും സംബന്ധിച്ച് കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസർ പരിശോധിച്ച് റിപ്പോർട്ട് നൽകി. റിപ്പോർട്ട് പ്രകാരം ആകെ അടങ്കൽ 13.00 ലക്ഷമായി കുറയ്ക്കാനും (വികസനഫണ്ട് 10 ലക്ഷം രൂപ,ഗുണഭോക്തൃ വിഹിതം 3.00 ലക്ഷം രൂപ) ബഹു വർഷ പ്രോജക്ടായി മാറ്റാനും ജില്ലാ പഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ട്.

**തീരുമാനം:-** ഈ പ്രോജക്ടിൽ ഭേദഗതി വരുത്തണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി - തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

(ii) കുട്ടികളിലെ പഠന പെരുമാറ്റ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തി ചികിത്സ നൽകുന്ന (പ്രോ.നം.135/19, സ്പന്ദനം അടങ്കൽ 70.00 ലക്ഷം രൂപ) പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2013-14 മുതൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പ്രോജക്ടാണ്. നിർവഹണ ഉദ്യോഗസ്ഥൻ ആയുർവേദ ജില്ലാ മെഡിക്കൽ ഓഫീസർ. ഈ പ്രോജക്ട് ഈ വർഷം നടപ്പാക്കാൻ അനുമതി നൽകണമെന്നും ഓരോ വർഷവും കോഓർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേക അനുമതി നൽകുന്നതിനു പകരം വരും വർഷങ്ങളിലും പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നുമുള്ള ആവശ്യം സംബന്ധിച്ച്.

തുടർ പദ്ധതിയായതിനാൽ ഈവർഷത്തേക്ക് മാത്രമായി കോഓർഡിനേഷൻ കമ്മിറ്റിയുടെ 05.09.2018-ലെ യോഗത്തിൽ അനുമതി നൽകി എങ്കിലും ഈ പ്രോജക്ടിന്റെ ഇതുവരെയുള്ള നടത്തിപ്പ് സംബന്ധിച്ച് കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരിശോധിച്ച് അടുത്ത കോഓർഡിനേഷൻ കമമിറ്റിയിൽ വിശദമായ റിപ്പോർട്ട് നൽകണം.

**നടപടി- 1)എക്സിക്യൂട്ടീവ് ഡയറക്ടർ, സോഷ്യൽ സെക്യൂരിറ്റി മിഷൻ**
**2) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**ഖണ്ഡിക 4.39**

**പുൽപ്പള്ളി ഗ്രാമപഞ്ചായത്ത്**

**വയനാട് ജില്ലാ കളക്ടറുടെ 20.08.2018-ലെ 1/18/DPC/DPO/wayanad -നമ്പർ കത്തും പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 06.08.2018-ലെ കത്തും (SRG 710/18)**

താഴെപ്പറയുന്ന പ്രോജക്ടുകൾ 2017-18-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. മാർഗ്ഗരേഖ പ്രകാരം ഇ-ടെണ്ടർ ചെയ്യേണ്ട ഈ പ്രോജക്ടുകൾ മാന്വൽ ടെണ്ടർ ആണ് നടത്തിയത്. ഇതിന് സാധൂകരണം നൽകണമെന്നതു സംബന്ധിച്ച്.

| പ്രോ.നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ | നിർവഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|
| 1) 262/18 | കത്താത്ത തെരുവുവിളക്കുകൾ മാറ്റി LED ബൾബുകൾ സ്ഥാപിക്കുക | 10,98,000(CFC) | പഞ്ചായത്ത് സെക്രട്ടറി |
| 2) 246/18 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങൽ | 14,00,000(TSP) | മുണ്ടകുന്ന് GLPസ്കൂൾ എച്ച്.എം |

| | | | |
|---|---|---|---|
| 3) 242/18 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ബാഗ്, കുട വിതരണം | 5,68,000(TSP) | മുണ്ടകുന്ന് GLPസ്കൂൾ എച്ച്.എം |

സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന തീരുമാനമെടുത്തു.

| | |
|---|---|
| **തീരുമാനം:-** | 1) പ്രോ.നം.242/18,246/18 (ക്രമ നം.2 3 എന്നീ പ്രോജക്ടുകൾ നിർവഹണം നടത്തി എന്നതിനാൽ സാധൂകരണം നൽകുന്നു. നിർവഹണത്തിലെ മറ്റു നടപടിക്രമങ്ങൾക്ക് സാധാരണയുള്ള എല്ലാ ഓഡിറ്റ് നടപടിക്രമങ്ങളും ബാധമകമായിരിക്കുന്നു.<br>2) ഇ- ടെണ്ടറിനു പകരം മാന്വൽ ടെണ്ടർ നടത്തിയതു വീഴ്ചയാണെന്നു യോഗം വിലയിരുത്തി. ഇത്തരം വീഴ്ചകൾ ഇനി ആവർത്തിക്കരുതെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ താക്കീതു ചെയ്യുന്നു.<br>3) പ്രോ.നം. 262/18 (ക്രമനം.1) നിർവഹണം നടത്തിയിട്ടില്ലാത്തതിനാൽ മാന്വൽ ടെണ്ടർ പ്രകാരമുള്ള നടപടിക്രമങ്ങൾ ഇനി തുടരേണ്ടതില്ലെന്ന് നിർദ്ദേശിക്കുന്നു. |

**തദ്ദേശസ്വയംഭരണ (എ.ബി) വകുപ്പ്**

**ഖണ്ഡിക4.40**

**തളിക്കുളം ബ്ലോക്ക് പഞ്ചായത്ത്**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.08.2018-ലെ 1257/2018/RO1/DPM(3) -ാം നമ്പർ കത്തും തളിക്കുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 10.07.2018-ലെ കത്ത്. (SRG/653/18)**

2017-18-ൽ അനുപൂരക പോഷകഹാര പരിപാടി നടപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയ തുകയിൽ നാട്ടിക, വാടാനപ്പള്ളി എന്നീ ഗ്രാമപഞ്ചായത്തുകൾ യഥാക്രമം 2,50,000/- രൂപ 14,62,250/- രൂപ വീതം ബ്ലോക്ക് പഞ്ചായത്തിലേയ്ക്ക് സ്പെഷ്യൽ TSP ചെക്കു മുഖേന തിരികെയടച്ചു. ഈ തുക ലൈഫ് പദ്ധതിക്കായി ഉപയോഗിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്. ധന വകുപ്പിന്റെ കൂടി അഭിപ്രായമാരാഞ്ഞ് ഇത് അടുത്ത കോർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിക്കുന്നതാണ്.

**നടപടി- 1) തദ്ദേശസ്വയംഭരണ(ഡി.ഡി) വകുപ്പ്**
**2) ധനവകുപ്പ്**

**3. പൊതു വിഷയങ്ങൾ**

================

**3.1** തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി ചെലവ് ആഗസ്റ്റ് സെപ്റ്റംബർ മാസത്തിൽ വളരെ കുറവായിരുന്നു എന്നു യോഗം വിലയിരുത്തി. ആഗസ്റ്റിലുണ്ടായ മഹാപ്രളയം പദ്ധതി നിർവഹണത്തെ ബാധിച്ചു എങ്കിലും സെപ്റ്റംബർ മാസവും പദ്ധതി പുരോഗതി വളരെ മന്ദഗതിയിലാണ്. ഇത് പരിഹരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ, എന്നിവർ പ്രത്യേക ഇടപെടൽ നടത്തണം. എല്ലാ ആഴ്ചയിലും പദ്ധതി പുരോഗതി

പ്രത്യേകമായി വിലയിരുത്തണം. പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കണം. ഇതിന്മേൽ സ്വീകരിച്ച നടപടികളും പ്രശ്നങ്ങൾ പരിഹരിക്കാനുള്ള നിർദ്ദേശങ്ങളും കോഓർഡിനേഷൻ കമ്മിറ്റിയിൽ റിപ്പോർട്ട് ചെയ്യണം.

ഇതു കൂടാതെ എല്ലാ ജില്ലയിലും ജില്ലാ ആസൂത്രണസമിതിയുടെ ആഭിമുഖ്യത്തിൽ ബ്ലോക്ക് തല അവലോകനം പ്രത്യേകമായി നടത്തണം. ഓരോ ബ്ലോക്കിലും പ്രത്യേകമായി നടത്തുന്ന അവലോകന യോഗത്തിലേയ്ക്ക് തദ്ദേശഭരണ സ്ഥാപനത്തിലെ അദ്ധ്യക്ഷൻ, സെക്രട്ടറി, നിർവഹണ ഉദ്യോഗസ്ഥർ എന്നിവർ കൃത്യമായി പങ്കെടുക്കണം. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ജില്ലാ പ്ലാനിംഗ് ഓഫീസർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ എന്നിവർ എല്ലാ യോഗത്തിലും പങ്കെടുക്കണം. ജില്ലാ ആസൂത്രണസമിതി അംഗങ്ങൾക്ക് ഓരോ ബ്ലോക്കുകളുടേയും ചുമതല നൽകുന്ന രീതി അവലംബിക്കേണ്ടതാണ്. പദ്ധതി നിർവഹണത്തിലെ നിലനിൽക്കുന്ന പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്ന രീതിയിലായിരിക്കണം അവലോകനം. ജില്ലകളിൽ പരിഹരിക്കാൻ കഴിയാത്തവ വകുപ്പുമേധാവികളോ , സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പോ മുഖേനയോ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരണം. പദ്ധതി ചെലവിന്റെ പുരോഗതി അവലോകനം ചെയ്യുന്നതോടൊപ്പം താഴെപ്പറയുന്നവ പൂർത്തിയാക്കിയിട്ടുണ്ടെന്ന് ഉറപ്പാക്കണം.

1) ഗുണഭോക്തൃ തെരഞ്ഞെടുപ്പ്
2) ഗുണഭോക്തൃ ലിസ്റ്റ് നിർവ്വഹണ ഉദ്യോഗസ്ഥർക്ക് കൈമാറൽ
3) ഗുണഭോക്തൃ ലിസ്റ്റ് ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറൽ
4) വെറ്റിംഗ് /സങ്കേതികാനുമതി എന്നിവ പൂർത്തിയാക്കൽ
5) KSEB,KWA,GWD തുടങ്ങിയ ഏജൻസികൾ മുഖേന നടപ്പാക്കുന്ന ഡിപ്പോസിറ്റ് പ്രവൃത്തികളുടെ തുക ഡെപ്പോസിറ്റ്ചെയ്യുക.
6) 2019-20 -ലെ വാർഷിക പദ്ധതി രൂപീകരണ നടപടിക്രമങ്ങൾ

അവലോകന യോഗങ്ങൾ ഒക്ടോബർ മാസത്തിൽ തന്നെ പൂർത്തിയാക്കേണ്ടതാണ്. ഇതിന്റെ ക്രോഡീകൃത റിപ്പോർട്ട് ജില്ലാ പ്ലാനിംഗ് ഓഫീസർമാർ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് ഡി.പി. ഡിവിഷൻ ചീഫ് മുഖേന സർക്കാരിലേയ്ക്ക് നൽകണം.

**നടപടി- 1)പഞ്ചായത്ത് ഡയറക്ടർ**
**2)നഗരകാര്യ ഡയറക്ടർ**
**3)ഗ്രാമവികസന കമ്മീഷണർ**
**4) ചീഫ്. ഡി.പി. ഡിവിഷൻ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്**
**5) എല്ലാ ജില്ലാ കളക്ടർമാർക്കും**
**6) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്**
**7) തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

3.2 ജനകീയാസൂത്രണ മാർഗ്ഗരേഖ പ്രകാരം പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ചു നൽകാൻ 2.00 ലക്ഷം രൂപ ചെലവഴിക്കാം. ഇതിനു നിശ്ചയിച്ചിരിക്കുന്ന തറ വിസ്തീർണ്ണം 100 ചതുരശ്ര അടിയാണ്. പട്ടികജാതി വികസന വകുപ്പു മുഖേന ഈ പദ്ധതിക്ക് അനുവദിച്ചിരിക്കുന്ന തുക 2.00 ലക്ഷം രൂപയും തറ വിസ്തീർണ്ണം 120 ചതുരശ്ര അടിയാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നൽകുന്ന പഠനമുറിയുടെ

തറ വിസ്തീർണ്ണത്തിന്റെ ഉയർന്ന പരിധി പട്ടികജാതി വികസന വകുപ്പിന്റെ വിസ്തീർണ്ണമായ 120 ചതുരശ്ര അടിയുമായി ഏകീകരിക്കാൻ തീരുമാനിച്ചു.

**നടപടി- 1) തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

**3.3 തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 25.09.2018-ലെ DB7/12067/18/തസ്വഭവ കത്ത്.**

കേരളത്തിലെ നദികളും തോടുകളും കനാലുകളും കൈയ്യേറിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ മൂലം ജലാശയങ്ങളുടെ സ്വതസിദ്ധമായ വീതി കുറയുകയും മാലിന്യങ്ങളും മറ്റും അടിഞ്ഞ് അവയുടെ ഒഴുക്ക് തടസ്സപ്പെട്ടിട്ടുമുണ്ട്. ഇത് ആഗസ്റ്റ് മാസത്തിലെ മഹാ പ്രളയത്തിന്റെ ഫലമായുണ്ടായ നഷ്ടത്തിന്റെ വ്യാപ്തി കൂട്ടി. ഇപ്പോൾ ഒട്ടുമിക്ക പുഴകളിലേയും തോടുകളിലേയും കയ്യേറ്റങ്ങൾ വെള്ളപ്പൊക്കത്തെ തുടർന്ന് ഒഴിവായിട്ടുണ്ട്. ഇത് വീണ്ടും കയ്യേറുന്നത് ഒഴിവാക്കേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ സംരക്ഷണയിലുള്ള കനാലുകളുടേയും തോടുകളുടേയും അതിർത്തി റീ സർവേ നടത്തി കല്ലിട്ട് സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടി ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതാണ്.

**നടപടി- 1) തദ്ദേശസ്വയംഭരണ(ആർ.സി) വകുപ്പ്**

3.4 തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി ആസൂത്രണ നിർവഹണത്തിന്റേയും ഭരണ നിർവ്വഹണത്തിലെ മികവിന്റേയും അടിസ്ഥാനത്തിൽ നൽകുന്ന പുരസ്കാരങ്ങളുടെ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിന് താഴെപ്പറയുന്നവരെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചു.

1) തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി - ചെയർമാൻ
2) സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് മെമ്പർ ( വികേന്ദ്രീകൃതാസൂത്രണം, റിസോഴ്സ്)
3) നഗരകാര്യ ഡയറക്ടർ.
4) ഗ്രാമവികസന കമ്മീഷണർ
5) ഡയറക്ടർ, കില
6) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം
7) ചീഫ്, ഡി.പി. ഡിവിഷൻ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്
8) കൺവീനർ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
9) പഞ്ചായത്ത് ഡയറക്ടർ - കൺവീനർ

**നടപടി- 1) തദ്ദേശസ്വയംഭരണ(ഇ.എം) വകുപ്പ്**

3.5 കോഓർഡിനേഷൻ കമ്മിറ്റിയുടെ 05.09.2018-ൽ കൂടിയ യോഗ തീരുമാനത്തിൽ (ഖണ്ഡിക 3.14) കറവപശുക്കളെ വാങ്ങുന്നതിന് ബാങ്ക് ലോൺ എടുക്കുക യാണെങ്കിൽ ഇങ്ങനെയെടുക്കുന്ന ലോണിന്റെ പലിശ തദ്ദേശഭരണ സ്ഥാപനങ്ങൾ പൂർണ്ണമായി നൽകുന്ന രീതി പരിഗണിക്കണമെന്നു നിർദ്ദേശിച്ചിരുന്നു

പശുക്കളെ വാങ്ങുന്നതിന് മാർഗ്ഗരേഖ പ്രകാരം സബ്സിഡി ലഭിച്ചിട്ടുള്ള ഗുണഭോക്താക്കൾ അതിന്റെ ഗുണഭോക്തൃ വിഹിതം കണ്ടെത്തുന്നതിന് ബാങ്ക് ലോൺ എടുത്തിട്ടുണ്ടെങ്കിൽ ഇതിന്റെ പലിശ നൽകാവുന്നതല്ലെന്ന് സ്പഷ്ടീകരണം

നൽകുന്നു. എന്നാൽ സബ്സിഡി രഹിതമായി പശുക്കളെ വാങ്ങുന്നവർക്ക് ബാങ്ക് ലോണിന്റെ പലിശ നൽകാവുന്നതാണ്.

**നടപടി- 1) തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

3.6 സംസ്ഥാനത്തെ വിവിധ ഷ്രെഡിംഗ് യൂണിറ്റുകളുടെ ശരാശരി വരവും ചെലവും പരിശോധിച്ച് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ 25.09.2018-ല 2398/D/2015/SM നമ്പർ കത്തു പ്രകാരം റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഇതനുസരിച്ച് പ്രതിദിനം 2057.50 രൂപ ചെലവും 1095/- രൂപ വരവുമുണ്ട്. ഈ നിരക്ക് പ്രകാരം ആദ്യത്തെ 6 മാസത്തേയ്ക്ക് പരമാവധി 965/- രൂപ പ്രതിദിനം വയബിലിറ്റി ഗ്യാപ് ഫണ്ട് അതത് ബ്ലോക്ക് പഞ്ചായത്തുകൾക്ക്/ നഗരസഭകൾക്ക് അല്ലെങ്കിൽ RRF ന്റെ ഉടമസ്ഥതയുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകാവുന്നതാണ്. ചെലവിനേക്കാൾ വരുമാനം കൂടുതലുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ ഇപ്രകാരം തുക നൽകാവുന്നതല്ല.

**നടപടി- 1) തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്**

3.7 അങ്കണവാടി അദ്ധ്യാപകർക്കും സഹായികൾക്കും 2019-20-ൽ നൽകേണ്ട അധിക ഓണറേറിയം സാമൂഹ്യനീതി വകുപ്പിൽ നിന്നു തന്നെ നൽകാനുള്ള ബഡ്ജറ്റ് നിർദ്ദേശം ധനവകുപ്പിന് നൽകിയിട്ടുണ്ടെന്ന് യോഗത്തിൽ ഹാജരായിരുന്ന സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ പ്രതിനിധി അറിയിച്ചു. അതിനാൽ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും 2019-20 വാർഷിക പദ്ധതിയിൽ ഇവർക്കുള്ള അധിക ഓണറേറിയം നൽകുന്നതിന് വിഹിതം വകയിരുത്തേണ്ടതില്ല.

**നടപടി- 1) തദ്ദേശസ്വയംഭരണ(ഇ.പി.എ) വകുപ്പ്**

3.8 കുട്ടനാട് പ്രദേശത്ത് അനുയോജ്യമായ കക്കൂസ് നിർമ്മിക്കുന്നതിന്റെ സാദ്ധ്യത പരിശോധിച്ച് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ താഴെപ്പറയും പ്രകാരം റിപ്പോർട്ട് നൽകിയിട്ടുണ്ട്.

കുട്ടനാട് പോലുള്ള സമുദ്ര നിരപ്പിന് താഴെ സ്ഥിതി ചെയ്യുന്ന പ്രദേശത്ത് സോക്ക്പിറ്റ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കാത്തിനാലും വെള്ളപ്പൊക്കംപോലുള്ള പ്രകൃതി ദുരന്തങ്ങളിൽ മുങ്ങിപ്പോകാൻ സാധ്യതയുള്ളതിനാലും ഇവ സാധാരണ രീതിയിൽ നിർമ്മിച്ച് സ്ഥാപിക്കുന്നത് ഉചിതമല്ല. ആയതിനാൽ താഴെപ്പറയുന്ന രീതികൾ അവലംബിക്കാവുന്നതാണ്.

1. പരമാവധി വെള്ളക്കെട്ട് വരാൻ സാധ്യതയുള്ളതിനും മുകളിലെ നിരപ്പിൽ ടോയ് ലറ്റ് റൂം (ക്ലോസറ്റ് സഹിതം) നിർമ്മിക്കണം
2. ഡി.ആർ.ഡി.ഒ രൂപ കൽപന ചെയ്തിട്ടുള്ള ബയോഡൈജസ്റ്റർ ടോയ് ലറ്റുകൾ ഉയർന്ന പ്രതലമുണ്ടാക്കി സ്ഥാപിക്കുന്നത് അനുയോജ്യമായിരിക്കും.
3. CPHEEO മാന്വലിൽ നിഷ്കർഷിച്ചിട്ടുള്ള കോൺടാക്ട് എയ്റേഷൻ ടൈപ്പ് പാക്കേജ് സെപ്റ്റിക് ടാങ്കും - സോക്ക് പിറ്റ് സിസ്റ്റവും ഉയർന്ന പ്രതലത്തിൽ സ്ഥാപിച്ച് ഉപയോഗിക്കാവുന്നതാണ്.
4. ആവശ്യത്തിന് സ്ഥലം ലഭ്യമായിട്ടുള്ളിടങ്ങളിൽ, കോൺക്രീറ്റ് നിർമ്മിത സെപ്റ്റിക് ടാങ്ക് - സോക്ക്പിറ്റ് സിസ്റ്റം വെള്ളക്കെട്ട് ഉണ്ടാകാൻ സാധ്യതയുള്ള നിരപ്പിന് മുകളിലായി ഉയർത്തി സ്ഥാപിക്കാവുന്നതാണ്.

ഇതിന്റെ ചെലവ് ഏകദേശം 60,000/- രൂപയാണെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു. കേന്ദ്ര സർക്കാർ വിഹിതം, ശുചിത്വ മിഷൻ വഹിതം, തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം എന്നിവ സംയോജിപ്പിച്ച് ഇത്തരം കക്കൂസ് കുട്ടനാട്, മൺട്രോതുരുത്ത്, പൊന്നാനി എന്നിവിടങ്ങളിലെ വെള്ളക്കെട്ടു പ്രദേശങ്ങളിൽ നിർമ്മിക്കുന്നതിന്റെ സാധ്യത പരിശോധിക്കാനും വിവധ സ്രോതസ്സുകളിൽ നിന്ന് ലഭ്യമാക്കാവുന്ന ഫണ്ടു സംബന്ധിച്ചും വിശദമായ പ്രോജക്ട് നൽകാൻ ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി. പ്രോജക്ട് വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ പിന്നീട് തീരുമാനമെടുക്കുന്നതാണ്.

**നടപടി- 1) ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ**
**തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്**

3.9 മാർഗ്ഗരേഖ പ്രകാരം കേൾവിശക്തി കുറഞ്ഞവർക്ക്കോക്ലിയർ ഇംപ്ലാന്റേഷൻ ശേഷമുള്ള ഉപകരണങ്ങൾ വാങ്ങി നൽകാം. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർ, മത്സ്യ തൊഴിലാളികൾ/അവരുടെ മക്കൾ എന്നിവർക്ക് നൽകിയ ഇത്തരം ഉപകരണങ്ങൾ റിപ്പയറിംഗ് ആവശ്യമായി വന്നാൽ ഇതിനുള്ള ചെലവ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വഹിക്കാവുന്നതാണ്. എന്നാൽ ഇത്തരം ഉപകരണങ്ങൾ കേരള സോഷ്യൽ സെക്യൂരിറ്റി മിഷനുമായി ബന്ധപ്പെട്ടുവേണം വാങ്ങേണ്ടത്.

**നടപടി- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

3.10 അടുക്കള മുറ്റത്തെ കോഴി വളർത്തൽ പദ്ധതി പ്രകാരം ധനസഹായം നൽകുമ്പോൾ ഗുണഭോക്താവ് ഹൈഡെൻസിറ്റി കൂടുകൾ വാങ്ങണമെന്ന് നിർദ്ദേശിച്ചിരുന്നു. കോഓർഡിനേഷൻ കമ്മിറ്റിയുടെ 23.05.2018-ലെ തീരുമാനപ്രകാരം ഇപ്രകാരം "കൂട് സ്വന്തമായി ഉണ്ട് എന്ന് സാക്ഷ്യപ്പെടുത്തിയാൽ മതി" എന്നു നിർദ്ദേശിച്ചിരുന്നു. ഇതിനു പകരം കോഴി വളർത്തുന്നതിന് സുരക്ഷിതമായ കൂട് കൈവശമുണ്ടെന്ന ഗുണഭോക്താവിന്റെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മുട്ടക്കോഴി വിതരണം നടത്താവുന്നതാണ്. പുതിയ കൂടു വാങ്ങുന്നില്ലായെങ്കിൽ അതിനുള്ള സബിസിഡി നൽകാവുന്നതല്ല. കൂടിന്റെ സബ്സിഡി നിരക്ക് 23.05.2018-ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ 50 ശതമാനമായി വർദ്ധിപ്പിച്ചത് സബ്സിഡി മാർഗ്ഗരേഖ പ്രകാരമുള്ള നിരക്കായ 25%ത്തിലേയ്ക്ക് പരിമിതപ്പെടുത്തുന്നു.

**നടപടി- 1) തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

**4. പ്രത്യേക വിഷയങ്ങൾ**

====================

**4.1 <u>കണ്ണൂർ ജില്ലാ കളക്ടറുടെ 30.08.2018-ലെ 360/2018/CC/DPC/DPO/Kannur നമ്പർ കത്തു പ്രകാരം താഴെപ്പറയുന്ന തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഷയങ്ങൾ കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് നൽകിയിരിക്കുന്നു. (SRG/739/18)</u>**

(i) ഉദയഗിരി ഗ്രാമപഞ്ചായത്ത്

ഉദയഗിരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 21.07.2018-ലെ A1-4523/17-ാം നമ്പർ കത്ത്

മത്സ്യ കൃഷിക്ക് കുളം നിർമ്മാണം എന്ന പ്രോജക്ട് (പ്രോ.നം.128/19, അടങ്കൽ 5,99,680/- രൂപ - പഞ്ചായത്ത് വിഹിതം, 2,99,840/- രൂപ - ഗുണഭോക്തൃ വിഹിതം 2,99,840/- രൂപ) എന്ന പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതിയിൽ കുളം നിർമ്മിച്ച് ടാർപോളിൻ ഷീറ്റ് വിരിച്ച് വെള്ളം സംഭരിച്ച് മത്സ്യം വളർത്തുക എന്നതാണ് പ്രവർത്തനം. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** പടുത കുളത്തിന് മത്സ്യ വകുപ്പ് നിശ്ചയിച്ചിരിക്കുന്ന നിരക്ക് 200 ചതുരശ്ര മീറ്ററിന് 1,25,000/- രൂപയാണ്. ഇതിന്റെ 40 ശതമാനമാണ് സബ്സിഡി നൽകുന്നത്.
വിസ്തീർണ്ണമനുസരിച്ച് വകുപ്പിലെ നിരക്ക് പ്രകാരം ധനസഹായം നൽകാൻ അനുമതി നൽകുന്നു. എന്നാൽ കുളം നിർമ്മാണം MGNREGS മുഖേന ആയതിനാൽ യൂണിറ്റ് ചെലവിൽ ഈ വിഹിതം (200 ചതുരശ്ര മീറ്ററിന് 34,000/ രൂപ) കുറയ്ക്കേണ്ടതാണ്. ഇതു കൂടാതെ FFDA യുടെ ധനസഹായവും നേടിയെടുക്കുന്നതിന് നടപടി സ്വീകരിക്കണം.

**നടപടി- തദ്ദേശസ്വയംഭരണ(ഡി.ഡി) വകുപ്പ്**

(ii) രാമന്തളി ഗ്രാമപഞ്ചായത്ത്

രാമന്തളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 06.08.2018-ലെ C- 02/18-ാം നമ്പർ കത്ത്

ഇ.എം.എസ്. ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണത്തിന് പി.വി. ചീയ്യക്കുട്ടി എന്ന ആൾക്ക് 52,000/- രൂപ ധനസഹായം അനുവദിച്ചിരുന്നു. ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിനു മുമ്പ് ടിയാൾ മരണപ്പെട്ടു. വീട്ടു നിർമ്മാണം പൂർത്തിയാക്കാൻ അവകാശികൾ തയ്യാറായില്ല. അതിനാൽ മുതലും പലിശയും പഞ്ചായത്തിലേയ്ക്ക് തിരികെ അടയ്ക്കാൻ പഞ്ചായത്ത് ആവശ്യപ്പെട്ടിട്ടുണ്ട്. അവകാശിയായ ശ്രീമതി പാച്ച മംഗലത്ത്, പടിഞ്ഞാറെ വീട്ടിൽ എന്ന ആൾ ഇപ്പോൾ ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. മുതൽ തിരികെ അടയ്ക്കാൻ ഇവർ തയ്യാറാണ് . പലിശ ഒഴിവാക്കി നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**തീരുമാനം :-** ഗുണഭോക്താവ് മുതൽ തുക മാത്രം അടച്ചാൽ മതി. എന്നാൽ പലിശ സർക്കാരിന്റെ ബാധ്യത ആയതിനാൽ പലിശ തുക സർക്കാർ ആവശ്യപ്പെടുക യാണെങ്കിൽ പഞ്ചായത്ത് സർക്കാരിലേയ്ക്കടയ്ക്കണം.

**നടപടി- തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**

(iii) **നാറാത്ത് ഗ്രാമപഞ്ചായത്ത്**

**നാറാത്ത് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 16.08.2018-ലെ A2-200/17-ാം നമ്പർ കത്ത്.**

2017-18 വർഷം തെരഞ്ഞെടുക്കപ്പെട്ട വയോജനങ്ങൾക്ക് ഭക്ഷ്യധാന്യകിറ്റ് വിതരണം ചെയ്യാനുള്ള പ്രോജക്ട് നടപ്പാക്കി. ഇതിനായി 2017 നവംബർ വരെ 50,000/- രൂപയുടെ ഭക്ഷ്യ ധാന്യങ്ങൾ വാങ്ങി നൽകി. ഈ തുക ധാന്യ കിറ്റ് നൽകിയ കൺസ്യൂമർ ഫെഡിന് നൽകാൻ അനുമതി സംബന്ധിച്ച്. (പ്രോ.നം.150/18, അടങ്കൽ 3.00 ലക്ഷം രൂപ)

**തീരുമാനം :-** കൺസ്യൂമർ ഫെഡിന് നൽകാനുള്ള തുക മാത്രം കൊടുക്കാൻ അനുമതി നൽകുന്നു. ഇനിയും ഈ പദ്ധതി തുടരേണ്ടതില്ല.

**നടപടി- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

(iv) **നാറാത്ത് ഗ്രാമപഞ്ചായത്ത്**

2017-18-ൽ ഓട്ടോറിക്ഷ വാങ്ങി നൽകുന്നതിന് പ്രോജക്ട് തയ്യാറാക്കിയിരുന്നു. ഓട്ടോറിക്ഷയ്ക്ക് ധനസഹായം നൽകുമ്പോൾ 50 ശതമാനം ഗുണഭോക്താക്കൾ വനിതകൾ ആകണമെന്ന് മാർഗ്ഗരേഖയിൽ ഉണ്ടെങ്കിലും വനിതാ ഗുണഭോക്താക്കൾ ഇല്ലാത്തതിനാൽ പുരുഷൻമാർക്ക് മാത്രമായി ഭേദഗതി ചെയ്തു. ഇത് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്. (പ്രോ.നം.120/18, ആകെ അടങ്കൽ - 6.00 ലക്ഷം രൂപ 80,000/ രൂപ വികസനഫണ്ട്. 5,20,000/- രൂപ ബാങ്ക് ലോൺ)

**തീരുമാനം :-** അനുമതി നൽകുന്നു.

**നടപടി- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

4.2 **കാസറഗോഡ് ജില്ലാ പഞ്ചായത്ത്**

**കാസറഗോഡ് ജില്ലാ കളക്ടറുടെ 05.09.2018-ലെ 475/2018/DPC/DPO/KSD / നമ്പർ കത്തും കാസറഗോഡ് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 01.09.2018-ലെ D2-1662/18 -ാം നമ്പർ കത്തും**

ജില്ലാ പഞ്ചായത്ത് 2018-19-ൽ "കോഴികുഞ്ഞുങ്ങളുടെ ജില്ലാതല ഹാച്ചറി" എന്ന പ്രോജക്ട് (പ്രോ.നം. 13/19, അടങ്കൽ 75.00 ലക്ഷം രൂപ)വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും വെറ്റിംഗ് ഓഫീസറും സംസ്ഥാനതല അപ്പലേറ്റ് കമ്മിറ്റിയും അംഗീകരിച്ചില്ല. ഇത് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ കൂടി അഭിപ്രായമാരാഞ്ഞ് ഈ പ്രോജക്ട് നടപ്പാക്കുന്നതിന്റെ സാധ്യതാ റിപ്പോർട്ട് കുടുബശ്രീ ഡയറക്ടർ അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ നൽകണം. ഇതോടൊപ്പം കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ മദ്ധ്യകേരളത്തിലും തെക്കൻ കേരളത്തിലും ഓരോ ഹാച്ചറി തുടങ്ങുന്നതിനും കുടുംബശ്രീ മുൻകൈ എടുക്കണം.

**നടപടി- തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**

**4.3 ഓണാട്ടുകര വികസന ഏജൻസി വൈസ് ചെയർമാന്റെ 14.08.2018-ലെ കത്ത്**

മാർഗ്ഗരേഖ പ്രകാരം കുട്ടനാടൻ പാടശേഖരങ്ങൾ (അപ്പർ കുട്ടനാട് മേഖല ഉൾപ്പെടെ) കോൾ നിലങ്ങൾ, പൊക്കാളി പാടങ്ങൾ എന്നിവയുടെ പാർശ്വഭിത്തി നിർമ്മാണം മാത്രമേ ഉൽപാദന മേഖലയിൽ ഉൾപ്പെടുത്താവൂ. ഇതിനോടൊപ്പം ഓണാട്ടുകര മേഖലയെക്കൂടി ഉൾപ്പെടുത്തണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** ആവശ്യം നിരസിച്ചു.

**നടപടി- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

**4.4 സിദ്ധ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യ സെക്രട്ടറിയുടെ കത്ത് (ലഭിച്ചത് 07.09.2018)**

തദ്ദേശഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള സിദ്ധ ഡിസ്പെൻസറികളിലേയ്ക്കാവശ്യമുള്ള മരുന്നുകൾ ഔഷധി വഴി IMPCOPS (Indian Medical Practitioners Co-operative Society) യിൽ നിന്നാണ് വാങ്ങുന്നത്. IMPCOPS - സർക്കാർ സ്ഥാപനങ്ങൾക്ക് നൽകുന്ന 25% കിഴിവ് ഡിസ്പെൻസറികൾക്ക് നൽകാതെ ഔഷധിയാണ് കൈപ്പറ്റുന്നതെന്ന് അറിയിച്ചിരിക്കുന്നു. അതിനാൽ IMPCOPS ൽ നിന്ന് മരുന്ന് നേരിട്ട് വാങ്ങാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** ഔഷധിയെ ഒഴിവാക്കി നേരിട്ട് മരുന്ന് വാങ്ങുന്നതു സംബന്ധിച്ച് ആയുഷ് ഡയറക്ടറുടെ കൂടി അഭിപ്രായമാരാഞ്ഞ് അടുത്ത കോഓർഡിനേഷൻ **കമ്മിറ്റിയിൽ** പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് നൽകണം. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് തീരുമാനമെടുക്കും.

**നടപടി- 1) തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**
2) പഞ്ചായത്ത് ഡയറക്ടർ

**4.5 നെല്ലനാട് ഗ്രാമപഞ്ചായത്ത്**

**നെല്ലനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 06.06.2018-ലെ A3-1137/2018-നമ്പർ കത്ത് (LSGD - DA1/616/2018/LSGD)**

ശ്രീമതി ഷീബ, ഗണപതി വിള എന്നയാളുടെ ഇളയ മകളുടെ വിവാഹ ധനസഹായത്തിന് (വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം എന്ന നിലയിൽ) 23.04.2014-ൽ പഞ്ചായത്തിൽ അപേക്ഷ നൽകിയിരുന്നു. വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** മാർഗ്ഗരേഖ പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിനു മാത്രമേ ഇപ്രകാരം ധനസഹായ പദ്ധതിയുള്ളൂ.

**നടപടി- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

**4.6 തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്**

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 220/2018-19/DPC/DPO/TVPM -CC തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ 03.09.2018-ലെ 2(1)-ാം നമ്പർ ഭരണസമിതി തീരുമാനവും (CC/1/18 - SRG/783/18)**

പ്രോ.നം.579/19 - അടങ്കൽ 2,11,35,942/ രൂപ - പ്രോജക്ടിന്റെ പേര് - ജലശ്രീ.

ജില്ലാ പഞ്ചായത്ത് പരിധിയിൽ വരുന്ന സ്കൂൾ കെട്ടിടങ്ങൾ, ആശുപത്രികൾ മറ്റു സർക്കാർ പൊതു സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ LSGD എഞ്ചിനീയർ തയ്യാറാക്കി നൽകുന്ന എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ കിണർ റീ ചാർജ്ജിംഗ് അടക്കമുള്ള ഭൂഗർഭ ജലസംരക്ഷണം നടത്തുന്നതിന് അനുമതി സംബന്ധിച്ച്.

**തീരുമാനം :-** കിണർ റീ ചാർജിംഗിനു നിലവിലെ നിരക്ക് തുടരണം. പരന്ന മേൽക്കൂരയുള്ള കെട്ടിടത്തിന് 20,500/ രൂപയും ചരിഞ്ഞ മേൽക്കൂരയുള്ളതിന് 24,500/ രൂപ) മറ്റ് രീതിയിലുള്ള മഴവെള്ള സംരക്ഷണത്തിന് യഥാർത്ഥ നിരക്ക് സ്വീകരിക്കാവുന്നതാണ്.

**നടപടി- തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**

## 4.7 കരുനാഗപ്പള്ളി നഗരസഭ

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.09.2018-ലെ കത്തും കരുനാഗപ്പള്ളി സെക്രട്ടറിയുടെ 12.09.2018-ലെ G3 -10806/18-നമ്പർ കത്തും(CC/30/2018/ SRG 784/18**

പ്രോ.നം. 338/19, അടങ്കൽ 24,00,000

പ്രോജക്ടിന്റെ പേര് - പ്ലസ് 1, പ്ലസ് 2 ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്കുള്ള പഠനമുറി നിർമ്മാണം - (എസ്.സി.)

2016-17-ൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട അഭിജിത്ത് എന്ന വിദ്യാർത്ഥിക്ക് (S/o ശ്രീമതി . ലത ഓമനക്കുട്ടൻ) പഠന മുറി നിർമ്മാണത്തിന് ഒന്നാം ഗഡുവായ 50,000/- രൂപ നൽകിയിരുന്നു. പഠന മുറിയുടെ വിസ്തീർണ്ണം 120 ചതുരശ്ര അടിയാണെങ്കിലും പണി പൂർത്തിയായപ്പോൾ 95.76 ചതുശ്ര അടി മാത്രമേയുള്ളൂ. പഠനമുറി പൂർത്തീകരിച്ചു. ശേഷിക്കുന്ന 50,000/- രൂപ രണ്ടാം ഗഡു അനുവദിക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** പഠനമുറിയുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ ബാക്കി തുക അനുവദനീയമായ നിരക്കിൽ പരിമിതപ്പെടുത്തി നൽകുന്നതിന് അനുമതി നൽകുന്നു. 2016-17-ൽ പഠനമുറിയുടെ പരമാവധി വിസ്തീർണ്ണം 100 മീറ്റർ മാത്രമേയുള്ളൂ എന്നു യോഗം നിരീക്ഷിച്ചു.

**നടപടി- തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്**

## 4.8 മൈലം ഗ്രാമപഞ്ചായത്ത്

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.09.2018-ലെ കത്തും മൈലം ഗ്രാമപഞ്ചായത്തിന്റെ 31.08.2018-ലെ 1(4)-ാം നമ്പർ ഭരണസമിതി തീരുമാനവും**

പഞ്ചായത്തിൽ രണ്ട് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ ഉണ്ട് എങ്കിലും ഒരാൾക്ക് മാത്രമേ DDO കോഡ് നൽകിയിട്ടുള്ളൂ. പഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രോജക്ടുകൾ തരം തിരിച്ച് രണ്ട് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർക്കായി നൽകിയിരിക്കുകയാണ്. അതിനാൽ രണ്ട് പേർക്കും DDO കോഡ് അനുവദിക്കണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഇങ്ങനെ DDO കോഡ് ആവശ്യമുള്ള ഉദ്യോഗസ്ഥരുടെ ലിസ്റ്റ് തയ്യാറാക്കി ഗ്രാമവികസന കമ്മീഷണർ ധന വകുപ്പിന് നൽകണം. ഇത് നൽകുന്ന മുറയ്ക്ക് ഇവർക്ക് കൂടി DDO കോഡ് അനുവദിക്കുന്നത് പരിഗണിക്കണമെന്ന് ധനവകുപ്പിനോട് ശുപാർശ ചെയ്യുന്നു.

**നടപടി- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

## 4.9 ശുചിത്വ മിഷൻ

**ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 14.09.2018 -ലെ 3719(1)/D1/2015/SM നമ്പർ കത്ത്.**

സ്വച്ഛ് ഭാരത് മിഷൻ (നഗരം) പദ്ധതി പ്രകാരം വിശദമായ പ്രോജക്ട് റിപ്പോർട്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇതു പ്രകാരം 57 നഗരസഭകൾക്ക് ലഭിക്കേണ്ട 59.98 കോടി രൂപയുടെ ആദ്യ ഗഡുവായി 29.90 കോടി രൂപ കേന്ദ്ര സർക്കാർ അനുവദിച്ചു. കേന്ദ്ര വിഹിതം 35%, സംസ്ഥാന വിഹിതം 23.3 %, നഗരസഭാ വിഹിതം 41.7 % എന്ന രീതിയിലാണ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഈ പദ്ധതി നടപ്പാക്കാൻ താഴെപ്പറയുന്നവയ്ക്ക് അനുമതി നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

(i) ഓരോ നഗരസഭകൾക്കുമുള്ള പ്രോജക്ടിന് മുകളിൽ പറഞ്ഞ അനുപാതമനുസരിച്ച് 41.7% തുക കേന്ദ്ര സർക്കാർ നിർദ്ദേശിച്ച പ്രകാരം താഴെപ്പറയുന്ന ഏതെങ്കിലും രീതിയിൽ തുക വകയിരുത്താൻ അനുമതി സംബന്ധിച്ച് .

1)തദ്ദേശഭരണ സ്ഥാപന വിഹിതം 2) സ്വകാര്യ പങ്കാളിത്തം 3) ഗുണഭോക്തൃ വിഹിതം 4) യൂസർ ചാർജ്ജ് 5) ലാൻഡ് ലിവറേജിംഗ് 6) ഇന്നവേററീവ് റവന്യൂ 7) സ്വച്ഛ് ഭാരത് കോശ്, 8) സി.എസ്.ആർ 9) മാർക്കറ്റ് ബോറോയിംഗ് 10) എക്സ്റ്റേണൽ അസിസ്റ്റന്റ്സ്

**തീരുമാനം :-** എല്ലാ നഗരസഭകളും ആകെ വികസനഫണ്ടിന്റെ 15% തുക ശുചിത്വ പ്രോജക്ടുകൾക്ക് മാറ്റി വച്ചിട്ടുണ്ട്. ഈ തുകയോ തനത് ഫണ്ടോ ഇതിനായി ഉപയോഗിക്കാൻ നിർദ്ദേശിക്കുന്നു. കൂടാതെ അതതു നഗരസഭകളിലെ സാധ്യത പരിശോധിച്ച് സ്വച്ഛ് ഭാരത് മിഷൻ മുകളിൽ നിർദ്ദേശിച്ച പ്രകാരം തുക കണ്ടെത്താവുന്നതാണ്.

**നടപടി- തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്**

(ii) 2018-19-ൽ മതിയായ വിഹിതം മാറ്റി വയ്ക്കാൻ വികസനഫണ്ടോ തനത് ഫണ്ടോ ലഭ്യമല്ലായെങ്കിൽ ദ്വിവർഷ പ്രോജക്ടായി ഇതെടുക്കാനും ബാക്കി വിഹിതം അടുത്ത വർഷം വകയിരുത്താനും അനുമതി സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നൽകുന്നു

**നടപടി- തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്**

(iii) ചില നഗരസഭകൾ ശുചിത്വ മേഖലയിൽ വിവിധ പ്രോജക്ടുകൾ ഇതിനകം തയ്യാറാക്കിയിട്ടുണ്ട്. ഈ പ്രോജക്ടുകളിലെ ഘടകങ്ങൾ DPR- ൽ ഉൾപ്പെട്ടിട്ടുള്ള ഇനമാണെങ്കിൽ കേന്ദ്ര സംസ്ഥാന വിഹിതം കൂടി ഉൾപ്പെടുത്തി ഈ പ്രോജക്ടുകൾ ഭേദഗതി ചെയ്യാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** തദ്ദേശഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതി ഭേദഗതി ചെയ്യുന്ന സമയത്ത് ഈ ഭേദഗതിയും ചെയ്യാവുന്നതാണ്.

**നടപടി- തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്**

## 4.10 മലപ്പുറം ജില്ലാ പഞ്ചായത്ത്

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.09.2018-ലെ കത്തും മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 14.09.2018-ലെ P3-436/13-ാം നമ്പർ കത്തും.**

| പ്രോ.നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ |
|---|---|---|
| 1) 1013/19 | വൃക്ക മാറ്റി വച്ച രോഗികൾക്ക് മരുന്ന് വാങ്ങി നൽകൽ | 1.00 കോടി രൂപ |
| 2) 1071/19 | വൃക്ക രോഗികൾക്ക് ഡയാലിസിസ് നടത്തുന്നതിനുള്ള ഉപകരണങ്ങളും മരുന്നും വാങ്ങി നൽകൽ | 50.00 ലക്ഷം രൂപ |

വൃക്ക രോഗികൾക്ക് സഹായം വിതരണം ചെയ്യുന്ന പദ്ധതി 2006-07 മുതൽ നടപ്പാക്കുന്നുണ്ട്. ചാരിറ്റബിൾ ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത കിഡ്നി പേഷ്യന്റ് വെൽഫയർ സൊസൈറ്റി ജില്ലയിൽ പ്രവർത്തിക്കുന്നുണ്ട്. മരുന്നു വാങ്ങി ഈ സൊസൈറ്റിക്കു നൽകുകയും സൊസൈറ്റി ഇത് പാലിയേറ്റീവ് സൊസൈറ്റികൾ വഴി രോഗികൾക്ക് നൽകുകയും ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. മുൻ വർഷങ്ങളിൽ ഈ രീതിയിൽ നടപ്പാക്കിയതിന്മേൽ ഓഡിറ്റ് പരാമർശമുള്ളതിനാൽ ഈ വർഷം പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** 2014-15- ലെ ഓഡിറ്റിലും 01.04.2017 മുതൽ 31.12.2017 വരെ നടന്ന ഓഡിറ്റിലും ഈ പ്രോജക്ടിന്മേൽ കുറിപ്പെഴുതി ചെലവ് തടസ്സപ്പെടുത്തിയിട്ടുണ്ട് എന്ന് യോഗം നിരീക്ഷിച്ചു. ഈ സാഹചര്യത്തിൽ ഈ പ്രോജക്ടിന്റെ നടത്തിപ്പ സംബന്ധിച്ച് സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ എന്നിവർ ചേർന്ന് വിശദമായി പരിശോധിച്ച് റിപ്പോർട്ട് നൽകണം. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് തീരുമാനമെടുക്കും.

**നടപടി- 1)തദ്ദേശസ്വയംഭരണ(എ.ബി) വകുപ്പ്**

2) സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ

3) സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ

4) എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ

**4.11 വെങ്ങാനൂർ ഗ്രാമപഞ്ചായത്ത്**

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.09.2018-ലെ കത്തും വെങ്ങാനൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 01.08.2018-ലെ AS-170/18-ാം നമ്പർ കത്തും.**

പഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 23 കുടുംബങ്ങൾക്ക് ഭവന സമുച്ചയം നിർമ്മിക്കാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഒരു വീടിന്റെ ചെലവ് 10,43,279/- രൂപ പ്രകാരം ആകെ 2,39,95,435/- രൂപ. അനുമതി നൽകിയപ്പോൾ യൂണിറ്റ് ചെലവ് 10.50 ലക്ഷം രൂപയിൽ അധികരിക്കരുതെന്ന് നിർദ്ദേശിച്ചിരുന്നു. ഭവന സമുച്ചയത്തിന്റെ മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് 83,45,565/- രൂപ കൂടി ചെലവഴിക്കാൻ അനുമതി സംബന്ധിച്ച്. മഴവെള്ള സംഭരണി, ലിഫ്റ്റ് , ഫയർസേഫ്റ്റി, കുഴൽക്കിണർ, ചുറ്റുമതിൽ, ബയോഗ്യാസ് പ്ലാന്റ് നടപ്പാത തുടങ്ങിയവയാണ് നിർമ്മിക്കേണ്ട മറ്റ് അടിസ്ഥാന സൗകര്യങ്ങൾ

**തീരുമാനം :-** ലൈഫ് മിഷന്റെ ഭാഗമായതിനാൽ ഇതിന്മേൽ തീരുമാനമെടുക്കാൻ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തി.

**നടപടി- 1) തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**
**2) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ**

**4.12 കൊല്ലം ജില്ലാ പഞ്ചായത്ത്**

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.09.2018-ലെ കത്തും കൊല്ലം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 11.09.2018-ലെ കത്തും. (CC/17/2018 - SRG 787/18)**

ജില്ലാ പഞ്ചായത്തിന്റെ ഐ.ടി ഹാൾ വുഡൻ പാനലിംഗം അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്നതിന് 2017-18-ൽ പ്രോജക്ട് ഉൾപ്പെടുത്തിയിരുന്നു. ഇത് ARTCO മുഖേനയാണ് നടത്തുന്നത്. ഇതിന്റെ വൈദ്യുതീകരണം, എയർ കണ്ടീഷണിംഗ് അടക്കമുള്ള പ്രവൃത്തികൾ PWD Electrical and Electronics വകുപ്പ് മുഖേന Deposit വർക്കായി ചെയ്യാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-**
1) ധനവകുപ്പിന്റെ അനുമതി വാങ്ങണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.
2) ടെണ്ടർ ചെയ്ത് പ്രവൃത്തി നടത്തുന്നതാണ് കാലതാമസം ഒഴിവാക്കാൻ സഹായകരമെന്ന് യോഗം വിലയിരുത്തി. കാലതാമസം ഉണ്ടാകില്ല എന്ന് ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തണം.

**നടപടി-തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**

**4.13 എടയ്ക്കാട്ടു വയൽ ഗ്രാമപഞ്ചായത്ത്**

**പഞ്ചായത്ത് ഡയറക്ടറുടെ 17.08.2018-ലെ J1-21362/2018 -ലെ കത്തും എടയ്ക്കാട്ടു വയൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 05.06.2018-ലെ A4-1884/17 നമ്പർ കത്തും 22.05.2018-ലെ 1(1) -ാം നമ്പർ ഭരണസമിതി തീരുമാനവും**

ഗ്രാമപഞ്ചായത്തിന്റെ റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപോഗിച്ച് പുതിയ റോഡ് നിർമ്മിക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നിരസിച്ചു.

**നടപടി- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

**4.14ഉദയംപേരൂർ ഗ്രാമപഞ്ചായത്ത്**

**ഉദയംപേരൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 19.09.2018-ലെ A4-15/8/18-നമ്പർ കത്തും.**

പഞ്ചായത്തിൽ കർഷക കൂട്ടായ്മ ഒരു കാർഷിക കർമ്മസേന രൂപീകരിച്ച് പ്രവർത്തനം നടത്തുന്നുണ്ട്. ഇതിലൂടെ പഞ്ചായത്തിന് 2017-18 വർഷം ജില്ലയിലെ മികച്ച ജൈവ കാർഷിക പഞ്ചായത്തിനുള്ള അവാർഡ് ലഭിച്ചു. അവാർഡായി ലഭിച്ച 3.00 ലക്ഷം രൂപ ഉപയോഗിച്ച് കർമ്മസേനയുടെ നേതൃത്വത്തിൽ ജൈവവള നിർമ്മാണ യൂണിറ്റ് ആരംഭിക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നൽകുന്നു. ഇതോടൊപ്പം കൃഷി വകുപ്പിന്റെ സഹായവും നേടിയെടുക്കാൻ ശ്രമിക്കണം. ജൈവവളത്തിന്റെ ഗുണമേന്മ കൃഷി ഓഫീസർ ഉറപ്പാക്കണം.

**നടപടി- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

**4.15പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസർ 17.09.2018-ലെ RO1 -415/2018/ DPC/DPO/PTAനമ്പർ കത്തു പ്രകാരം താഴെപ്പറയുന്ന തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഷയങ്ങൾ കോഓർഡിനേഷൻ കമ്മിറ്റിക്കു നൽകിയിട്ടുണ്ട്.**

**(i)മലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത്**

**മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 11.09.2018-ലെ M4-4672/18-നമ്പർ കത്ത്.**

പ്രളയത്തിലുണ്ടായ നാശനഷ്ടത്തെ നേരിടാൻ തുക കണ്ടെത്തുന്നതിന് വനിതാ ഘടക പദ്ധതിയിൽ വികസന ഫണ്ടിന്റെ 10 ശതമാനം തുകയെങ്കിലും വകയിരുത്തണമെന്ന നിബന്ധന ഒഴിവാക്കണമെന്നാതു സംബന്ധിച്ച്

**തീരുമാനം :-** ആവശ്യം നിരസിച്ചു.

**നടപടി- തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ്**

**(ii)കോയിപ്രം ബ്ലോക്ക് പഞ്ചായത്ത്**

**കോയിപ്രം ബ്ലോക്ക് പഞ്ചായത്തിന്റെ 31.08.2018-ലെ 1(6) -ാം നമ്പർ ഭരണസമിതി തീരുമാനം**

2018-19 വർഷം പുറമറ്റം ജംഗ്ഷനിൽ സിഗ്നൽ ലൈറ്റ് സ്ഥാപിക്കുന്നതിന് പ്രോജക്ട് ഉൾപ്പെടുത്തിയിട്ടുണ്ട്. (പ്രോ.നം. 96/19 അടങ്കൽ 6,49,490/-രൂപ) പിന്നീട് ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** ഇത് ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയല്ല. അനുമതി നിരസിച്ചു.

**നടപടി- തദ്ദേശസ്വയംഭരണ(ഡി.ഡി) വകുപ്പ്**

**(iii) കോയിപ്രം ബ്ലോക്ക് പഞ്ചായത്ത്**

**കോയിപ്രം ബ്ലോക്ക് പഞ്ചായത്തിന്റെ 31.08.2018-ലെ 3(1)-ാം നമ്പർ ഭരണസമിതി തീരുമാനം**

2018-19 വർഷിക പദ്ധതിയിൽ പെട്ടിയും പറയും നൽകുന്നതിന് പ്രോജക്ട് ഉൾപ്പെടുത്തിയിട്ടുണ്ട്. (പ്രോ.നം. 84/19 - അടങ്കൽ 12.00 ലക്ഷം രൂപ) പെട്ടിയും പറയും സ്ഥാപിക്കുന്നതിനു പകരം പമ്പ് സെറ്റ് വാങ്ങി നൽകാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം :-** ഇതിന്മേൽ ബ്ലോക്ക് കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ റിപ്പോർട്ട് കൂടി ഉൾപ്പെടുത്തി സമർപ്പിക്കണം. പിന്നീട് പരിഗണിക്കും.

**നടപടി- തദ്ദേശസ്വയംഭരണ(ഡി.ഡി) വകുപ്പ്**

**4.16 വെള്ളറട ഗ്രാമപഞ്ചായത്ത്**

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.09.2018-ലെ കത്തും വെള്ളറട ഗ്രാമപഞ്ചായത്തിന്റെ 12.09.2018-ലെ 1(1) -ാം നമ്പർ, 27.11.2017-ലെ 7(1) എന്നീ നമ്പറുകളിലായുള്ള ഭരണസമിതി തീരുമാനങ്ങളും**

തെരുവുനായ ആക്രമണം മൂലം കിടപ്പിലായ ഒറ്റശേഖരമംഗലം പഞ്ചായത്തിലെ വാഴിച്ചാൽ വിയക്കോണം ഷീജ ഭവനിൽ ധാരുഷ് എൻ.എസ്. എന്ന കുട്ടിക്ക് ബഹു. സുപ്രീം കോടതിയുടേയും സർക്കാരിന്റേയും ഉത്തരവിന്റെ അടിസ്ഥാനത്തിൽ പലിശയടക്കമുള്ള നഷ്ടപരിഹാര തുകയായ 10,88,157/- രൂപ തനത് ഫണ്ടിൽ നിന്ന് 01.08.2018-ൽ നൽകി. ഇതിന് സാധൂകരണം നൽകണമെന്നും ഈ തുക വികസനഫണ്ടിൽ നിന്ന് തനത് ഫണ്ടിലേയ്ക്ക് റീക്ലപ്പ ചെയ്യാൻ അനുമതി നൽകണമെന്നു സംബന്ധിച്ച്.

**തീരുമാനം :-** തുക നൽകിയതിന് സാധൂകരണം നൽകുന്നു. എന്നാൽ വികസന ഫണ്ടിൽ നിന്ന് ഈ തുക തനത് ഫണ്ടിലേയ്ക്ക് റീ ക്ലപ്പ ചെയ്യാവുന്നതല്ല.

**നടപടി- തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ്**

**4.17 വെളിനല്ലൂർ ഗ്രാമപഞ്ചായത്ത്**

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.09.2018-ലെ കത്തും വെളിനല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 27.07.2018-ലെ A3-5827/18-ാം നമ്പർ കത്തും.**

പ്രോ.നം 126/19, അടങ്കൽ 7,54,600/-
പ്രോജക്ടിന്റെ പേര്:- ഉപയോഗയോഗ്യമല്ലാത്ത കക്കൂസുകൾക്ക് പകരം പുതിയ കക്കൂസ്.

2017-18 വർഷം ഉപയോഗയോഗ്യമല്ലാത്ത കക്കൂസുകൾക്കു പകരം പുതിയ കക്കൂസ് നിർമ്മിക്കുന്നതിന് പ്രോജക്ട് തയ്യാറാക്കിയിരുന്നു. ഈ വർഷം ഇത് സ്പിൽ ഓവറായി തുടരുന്നുണ്ട്. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ഇതു പരിശോധിച്ച് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ റിപ്പോർട്ട് നൽകണം. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും.

**നടപടി-1) തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്**

**2) എക്സിക്യൂട്ടീവ് ഡയറക്ടർ,ശുചിത്വ മിഷൻ**

**4.18 വെളിനല്ലൂർ ഗ്രാമപഞ്ചായത്ത്**

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.09.2018-ലെ കത്തും വെളിനല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 27.07.2018-ലെ A3-10/18-ാം നമ്പർ കത്തും.**

പ്രോ.നം. 39/19 അടങ്കൽ 12,00,000/- രൂപ

പ്രോജക്ടിന്റെ പേര്:- പഞ്ചായത്തിലെ സർക്കാർ വിദ്യാലയത്തിലെ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം.

സർക്കാർ സ്കൂളുകളിലെ കുട്ടികൾക്ക് പ്രഭാത ഭക്ഷണം നൽകുന്നതിനായി രണ്ടു പ്രോജക്ടുകൾ (ജനറൽ, എസ്.സി.എസ്.പി) വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്കൂളുകളോടനുബന്ധിച്ചുള്ള പ്രീ പ്രൈമറി സ്കൂളിലെ കുട്ടികൾക്കും പ്രഭാത ഭക്ഷണം നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച് .

**തീരുമാനം :-** പ്രീപ്രൈമറി സ്കൂളുകളുടെ എണ്ണം സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളുടെ എണ്ണം തുടങ്ങിയ വിവരങ്ങൾ സഹിതം നൽകണം, പിന്നീട് പരിഗണിക്കും.

**നടപടി- തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**

**4.19 വെളിനല്ലൂർ ഗ്രാമപഞ്ചായത്ത്**

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.09.2018-ലെ കത്തും, വെളിനല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ കത്തും.**

പ്രോ.നം. 127/19, അടങ്കൽ 1,87,500

പ്രോജക്ടിന്റെ പേര്:- ഖാദി വികസനത്തിന് ഗ്രാമപഞ്ചായത്ത് വിഹിതം

2016-17-ൽ പഞ്ചായത്തിലെ ഗാന്ധി സ്മാരക നിധി മീയന യൂണിറ്റിന് 4,50,000/- രൂപ നൽകുന്നതിന് പ്രോജക്ട് തയ്യാറാക്കി ധനസഹായം നൽകി. സബ്സിഡി നിരക്ക് അധികരിച്ചതിനാൽ ഓഡിറ്റ് കുറിപ്പെഴുതിയിട്ടുണ്ട്. ഇതിന് സാധൂകരണം നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഓഡിറ്റ് കുറിപ്പിന്മേൽ വകുപ്പുതലത്തിൽ നടപടി സ്വീകരിക്കണം. ഇത്തരം വിഷയം കോഓർഡിനേഷൻ കമ്മിറ്റിയിൽ ഉൾപ്പെടുത്തുന്നതല്ല.

**നടപടി- തദ്ദേശസ്വയംഭരണ(എ.ബി) വകുപ്പ്**

**4.20 പൂയപ്പള്ളി ഗ്രാമപഞ്ചായത്ത്**

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.09.2018-ലെ കത്തും, പൂയപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 22.06.2018-ലെ 1(1)-ാം നമ്പർ ഭരണസമിതി തീരുമാനവും**

പ്രോ.നം. 110/19. അടങ്കൽ 4,00,000/-രൂപ (എസ്.സി.എസ്. പി)
പ്രോജക്ടിന്റെ പേര്: പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം

2018-19 വാർഷിക പദ്ധതിയിലെ പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം എന്ന പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നിരസിച്ചു.

**നടപടി- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

**4.21 തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്**

**തിരുവനന്തപുരം ജില്ലാ കളക്ടറുടെ 05.09.18 Plg.220/19/DPC/DPO/തിരു. CC) നമ്പർ കത്ത് പ്രകാരം തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ താഴെപ്പറയുന്ന വിഷയങ്ങൾ കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് നൽകിയിരിക്കുന്നു.**

(a) **തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 20.07.2018-ലെ E7-2301/18/TDP നമ്പർ കത്ത്.**

പ്രോ.നം. 470/19. അടങ്കൽ 15.00 ലക്ഷം രൂപ (തനത് ഫണ്ട്)
പ്രോജക്ടിന്റെ പേര്: പ്രതിഭാ സംഗമം

ജില്ലാ പഞ്ചായത്തിന്റെ പരിധിയിലുള്ള സർക്കാർ എയ്ഡഡ് സ്കൂളുകളിൽ നിന്നും 2017-2018-ൽ SSLC, +2, VHSE പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും A+ നേടിയ വിദ്യാർത്ഥികളേയും 100 % വിജയം നേടിയ സ്കൂളുകളെയും പൊതു സമൂഹത്തിൽ ആദരിക്കുന്നതിനുവേണ്ടിയുള്ള പ്രോജക്ടിന് അനുമതി സംബന്ധിച്ച്.

**തീരുമാനം :-** പ്രത്യേക അനുമതി നൽകുന്നു.

**നടപടി- തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**

(b) **തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 20.07.2018-ലെ E3-3186/18/TDP നമ്പർ കത്ത്.**

പ്രോ.നം. 264/19 അടങ്കൽ 70.00 ലക്ഷം രൂപ (വികസന ഫണ്ട്)
പ്രോജക്ടിന്റെ പേര്: സ്നേഹധാര

ഭിന്നശേഷിയുള്ള കുട്ടികളുടെ ശാരീരിക മാനസിക ബൗദ്ധികാരോഗ്യ ഉന്നമനത്തിനുവേണ്ടി ആയുർവേദ DMO മുഖേന നടപ്പാക്കുന്ന പ്രോജക്ട്. ആയുർവേദ ചികിത്സയോടൊപ്പം ഫിസിയോതെറാപ്പി, സ്പീച്ച് തെറാപ്പി, സൈക്കോളജി, പരിശീലനം എന്നിവയും നൽകുന്നു. പൂജപ്പുര ഗവ.ആയുർവേദ കോളേജിന്റെ ബാല ചികിത്സാ വിഭാഗത്തിൽ ഇതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. ഇതോടൊപ്പം പാറശ്ശാല, വർക്കല, പാലോട്, കിഴവിലം എന്നീ സബ്സെന്ററുകളിലും ചികിത്സ നൽകുന്നു. 2014-15 മുതൽ നടപ്പാക്കുന്ന ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകുന്നതിനോടൊപ്പം ഒരു ഫാർമസിസ്റ്റിനേയും സാനിറ്റേഷൻ വർക്കറെയും

നിയമിക്കാനും അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. കൂടാതെ ഈ പ്രോജക്ടിന്റെ ഭാഗമായി ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ചിരിക്കുന്ന സൈക്കോളജിസ്റ്റ്, ഫിസിയോ തെറാപ്പിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ്, ഫാർമസിസ്റ്റ്, നേഴ്സ്, പഞ്ച കർമ്മ തെറാപ്പിസ്റ്റ് എന്നിവർക്ക് 26.02.2016-ലെ ജി.ഒ(പി) നം. 28/2016/ഫിൻ ഉത്തരവു പ്രകാരമുള്ള വേതനം നൽകാനും അനുമതി സംബന്ധിച്ച്.

**തീരുമാനം :-** 1) 2014-15 മുതൽ നടപ്പാക്കുന്ന പ്രോജക്ടായതിനാൽ ഇത് നടപ്പാക്കാൻ അനുമതി നൽകുന്നു. ഈ പ്രോജക്ടിന്റെ ഇതുവരെയുള്ള പ്രവർത്തനത്തിന്റെ വിശദമായ (എത്ര പേർക്ക് ട്രീറ്റ്മെന്റ് നൽകി എന്നതുൾപ്പെടെ) റിപ്പോർട്ട് പഞ്ചായത്ത് ഡയറക്ടർ മുഖേന അവലോകനത്തിന് നൽകണം.

2) ഫാർമസിസ്റ്റിനേയും സാനിട്ടേഷൻ വർക്കർമാരെയും നിയമിക്കാനുള്ള അനുമതി നിരസിച്ചു.

3) ധനവകുപ്പിന്റെ പുതിയ ഉത്തരവു പ്രകാരം മുകളിൽ പറഞ്ഞ തസ്തികയിലുള്ളവർക്ക് ദിവസ വേതനം നൽകുന്നതിന് അനുമതി നൽകുന്നു.

**നടപടി- 1)തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**
**2)പഞ്ചായത്ത് ഡയറക്ടർ**

(c) **തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 27.07.2018-ലെ P1-315/17/TDP നമ്പർ കത്ത്.**

പ്രോ.നം. 280/19, അടങ്കൽ 11,20,000/- രൂപ (വികസന ഫണ്ട് 9,60,000/- രൂപ )
പ്രോജക്ടിന്റെ പേര്: ട്രാൻസ് ജെൻഡേഴ്സിനുള്ള പ്രത്യേക പദ്ധതി.

അഭ്യസ്തവിദ്യരായ ട്രാൻസ് ജെൻഡേഴ്സ് വിഭാഗത്തിൽപ്പെടുന്നവർക്ക് 90 ശതമാനം സബ്സിഡിയോടെ ഇരുചക്ര വാഹനം വാങ്ങി നൽകുന്നതിനുള്ള പ്രോജക്ടിന് അനുമതി സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നിരസിച്ചു.

**നടപടി- തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**

**4.22 ഇരിങ്ങാലക്കുട നഗരസഭ**

**നഗരകാര്യ ഡയറക്ടറുടെ 03.08.2018-ലെ DC-4/12319/18-ാം നമ്പർ കത്തും ഇരിങ്ങാലക്കുട നഗരസഭാ സെക്രട്ടറിയുടെ 17.05.2018-ലെ G4-14861/17-നമ്പർ കത്തും.**

2018-19 വർഷം മോട്ടോർ പമ്പ്സെറ്റ് വാങ്ങി നൽകുന്നതിന് താഴെപ്പറയുന്ന പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

| പ്രോ.നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ |
|---|---|---|
| 1) 325/19 | കാലി പടവ് പാടശേഖര സമിതിക്ക് 20 HP മോട്ടോർ പമ്പ് സെറ്റ് | 11,85,000/- രൂപ |
| 2) 326/19 | കിഴക്കേ പുഞ്ചപ്പാടം പാടശേഖര സമിതിക്ക് 20 HP മോട്ടോർ പമ്പ് സെറ്റ് | 3,50,000/ രൂപ |

| | | |
|---|---|---|
| 3) 327/19 | മുതലക്കുളം പാടശേഖര സമിതിക്ക് 20 HP മോട്ടോർ പമ്പ് സെറ്റ് | 11,85,000/ രൂപ |
| 4) 328/19 | തളിയക്കോണം പാടശേഖത്തിന് 15 HP മോട്ടോർ പമ്പ് സെറ്റ് | 3,25,000/- രൂപ |
| 5) 329/19 | തളിയക്കോണം പാടശേഖരത്തിന് 15 HP മോട്ടോർ പമ്പ് സെറ്റ് | 3,25,000/ രൂപ |
| 6) 330/19 | കക്കാട് പാടശേഖരത്തിലേയ്ക്ക് 2 HP മോട്ടോർ പമ്പ് സെറ്റ് | 26,215/- രൂപ |
| 7) 389/19 | ചിത്രവള്ളി പാടശേഖരത്തിലേയ്ക്ക് 30 HP മോട്ടോർ പമ്പ് സെറ്റ് | 10,00,000/- രൂപ |
| 8) 390/19 | പൈങ്കിളി പാടശേഖരത്തേയ്ക്ക് 30 HP മോട്ടോർ പമ്പ് സെറ്റ് | 3,78,000/ രൂപ |

മാർഗ്ഗരേഖ പ്രകാരം ജലസേചനത്തിന് പെട്ടിയും പറയും നൽകാവുന്നത് ബ്ലോക്ക് പഞ്ചായത്തിന് മാത്രമായതിനാൽ നഗരസഭ ഏറ്റെടുത്ത മുകളിൽ പറഞ്ഞ പ്രോജക്ടുകൾ നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** 1) ഇരിങ്ങാലക്കുട നഗരസഭാ പ്രദേശത്ത് നടത്തുന്ന നെൽക്കൃഷി, മുകളിൽ പറഞ്ഞവയുടെ ആവശ്യം എന്നിവ സംബന്ധിച്ച് ബന്ധപ്പെട്ട കൃഷി ഓഫീസറുടെ കൂടി റിപ്പോർട്ട് നൽകണം.

2) പമ്പ് സെറ്റിന്റെ യൂണിറ്റ് നിരക്കിൽ വലിയ അന്തരം ഉണ്ട്. ഇതിന്മേലും കൃഷി ഓഫീസറുടെ റിപ്പോർട്ട് നൽകണം. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് തീരുമാനമെടുക്കും.

**നടപടി- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

## 4.23 ക്ലാപ്പന ഗ്രാമപഞ്ചായത്ത്

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 13.09.2018-ലെ കത്തും ക്ലാപ്പന ഗ്രാമപഞ്ചായത്തിന്റെ 31.08.2018-ലെ II -ാം നമ്പർ ഭരണസമിതി തീരുമാനവും**

പ്രോ.നം. 104/19 അടങ്കൽ 13,43,125/ -ലോക ബാങ്ക് വിഹിതം
11,05,753 രൂപ - തനത് ഫണ്ട്

പ്രോജക്ടിന്റെ പേര് - പഞ്ചായത്ത് കെട്ടിട നിർമ്മാണം

മുകളിൽ പറഞ്ഞ പ്രോജക്ടിന്റെ ബില്ല്(ലോക ബാങ്ക് വിഹിതം) 26.03.2018-ൽ ട്രഷറിയിൽ കൊടുക്കുകയും ക്യൂ ബില്ലിൽ ഉൾപ്പെടുകയും ചെയ്തു. 2018-19-ൽ ലോക ബാങ്ക് വിഹിതം ഇല്ലാത്തതിനാൽ തുക നൽകാൻ കഴിഞ്ഞില്ല. അതിനാൽ ഈ തുക പ്രത്യേകമായി അനുവദിക്കണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** ഇങ്ങനെയുള്ള ക്യൂ ബില്ലുകൾക്ക് തുക നൽകുന്നതിനുള്ള നടപടികൾ ധനവകുപ്പിൽ നടന്നുകൊണ്ടിരിക്കയാണ്. ഇതിന്മേൽ ഉടനെ തീരുമാനമാക്കുന്നതാണ്.

**നടപടി- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

**4.24 ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത്**

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.09.2018-ലെ കത്തും ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 13.09.2018-ലെ -ലെ D-555/18-ാം നമ്പർ കത്തും.**

| | | |
|---|---|---|
| പ്രോ.നം. 25/19 | LED ലൈറ്റ് സ്ഥാപിക്കൽ | അടങ്കൽ 10.00 ലക്ഷം രൂപ |
| പ്രോ.നം.26/19 | LED ലൈറ്റ് സ്ഥാപിക്കൽ | അടങ്കൽ 9.25 ലക്ഷം രൂപ |

തെരുവുവിളക്കുകൾ സ്ഥാപിക്കാനുള്ള രണ്ട് പ്രോജക്ടുകൾ (LED ലൈറ്റ്) നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** എനർജി മാനേജ്മെന്റ് സെന്ററിന്റെ കൂടി സഹായത്തോടെ പ്രോജക്ട് നടപ്പാക്കാൻ പ്രത്യേക അനുമതി നൽകുന്നു. CSR പോലുള്ള തുക കണ്ടെത്തി മൂലധന ചെലവ് കുറയ്ക്കണം.

**നടപടി- തദ്ദേശസ്വയംഭരണ(ഡി.ഡി) വകുപ്പ്**

**4.25 വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത്**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15.09.2018-ലെ കത്തും വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 05.09.2018-ലെ 1(1) ാം നമ്പർ ഭരണസമിതി തീരുമാനം**

പട്ടികജാതി സങ്കേതങ്ങളിലേയ്ക്കുള്ള റോഡ് നിർമ്മാണത്തിന് 12 പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 6 മീറ്റർ വീതിയില്ല എന്ന കാരണത്താൽ അസിസ്റ്റന്റ് എഞ്ചിനീയറും, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും പ്രോജക്ട് നിർവഹണത്തിന് തയ്യാറാകുന്നില്ല, ഈ പ്രോജക്ട് നിർവഹണം നടത്താൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** ഈ പ്രവൃത്തികൾക്കുള്ള തുക അതത് ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറി പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകുന്നു.

**നടപടി- തദ്ദേശസ്വയംഭരണ(ഡി.ഡി) വകുപ്പ്**

**4.26 പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്ത്**

**തിരുവനന്തപുരം ജില്ലാ കളക്ടറുടെ 06.08.2018-ലെ Plg.-220/18-19/DPC/DPO/തിരു.CC നമ്പർ കത്തും പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 06.08.2018-ലെ BP2-1323/18-ാം നമ്പർ കത്തും 28.07.2018-ലെ II (2) -ാം നമ്പർ ഭരണ സമിതി തീരുമാനവും**

2018-19-ൽ താഴെപ്പറയുന്ന രണ്ട് പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

| | | |
|---|---|---|
| പ്രോ.നം 17/19 | വനിതാ പട്ടികജാതി ഗ്രൂപ്പുകൾക്ക് കറവപശു | വികസനഫണ്ട്-17,50,000/- രൂപ |
| പ്രോ.നം.18/19 | വനിതാ ഗ്രൂപ്പുകൾക്ക് കറവപശു വളർത്തൽ | 24,00,000/- രൂപ |

അന്യ സംസ്ഥാനത്തുനിന്ന് പശുവിനെ വാങ്ങി നൽകാനുദ്ദേശിച്ചിരിക്കുന്ന ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** 05.09.2018-ലെ കോഓർഡിനേഷൻ കമ്മിറ്റിയുടെ പൊതു തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ (ഖണ്ഡിക 3.14) പ്രോജക്ട് നടപ്പാക്കാവുന്നതാണ്.

**നടപടി- തദ്ദേശസ്വയംഭരണ(ഡി.ഡി) വകുപ്പ്**

**4.27ആലങ്ങോട് ഗ്രാമപഞ്ചായത്ത് ക്ഷേമകാര്യ സമിതി ചെയർമാന്റെ 13.08.2018-ലെ കത്ത്.**

കൃഷി സബ്സിഡി ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് നൽകുന്ന രീതിയാണ് നിലവിലുള്ളത്. ഇത് ഗുണഭോക്താവിന് നേരിട്ട് നൽകണമെന്ന രീതിയിലാക്കണമെന്നു സംബന്ധിച്ച്

**തീരുമാനം :-** ആവശ്യം നിരസിച്ചു.

**നടപടി- തദ്ദേശസ്വയംഭരണ( ഡി.എ) വകുപ്പ്**

**4.28 സാക്ഷരതാ മിഷൻ**

**കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുടെ 17.09.2018-ലെ E4-4836/18/കേ.സം.സാ.മി. -ാം നമ്പർ കത്ത്**

സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായി മുഴുവൻ കുടുംബശ്രീ അംഗങ്ങളെയും പത്താം ക്ലാസ് വിദ്യാഭ്യാസ യോഗ്യതയുള്ളവരാക്കുക എന്ന ലക്ഷ്യത്തോടെ 'സമ' എന്ന പ്രോജക്ട് നടപ്പാക്കാൻ സാക്ഷരതാ മിഷൻ ഉദ്ദേശിക്കുന്നു. പ്രസ്തുത പ്രോജക്ടിൽ ഉൾപ്പെടുന്ന അംഗങ്ങൾക്ക് ഫീസ് ഇനത്തിലുള്ള തുക വകയിരുത്തുന്നതിന് ജില്ലാ പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകണമെന്നു സംബന്ധിച്ച്

**തീരുമാനം :-** വിശദാംശങ്ങൾ നൽകിയിട്ടില്ല. ഇതു കൂടി ഉൾപ്പെടുത്തി സമർപ്പിക്കണം. പിന്നീട് പരിഗണിക്കുന്നതാണ്.

**നടപടി- തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്**

**4.29 നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത്**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 13.09.2018-ലെ കത്തും നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 04.09.2018-ലെ 1(6) -ാം നമ്പർ ഭരണസമിതി തീരുമാനവും**

പ്രോ.നം. 145/19, അടങ്കൽ 24,21,500 /- രൂപ
പ്രോജക്ടിന്റെ പേര്:- ചുങ്കത്തറ സി.എച്ച്.സി. ജറിയാട്രിക് ഹെൽത്ത് സെന്റർ

ആംബുലൻസ് വാങ്ങൽ, ഫിസിയോ തെറാപ്പിസ്റ്റ്, സൈക്കോളജിസ്റ്റ്, ഡയറ്റീഷ്യൻ, സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ, ആംബുലൻസ് ഡ്രൈവർക്ക് വേതനം, ഫിസിയോ തെറാപ്പി യൂണിറ്റ് സ്ഥാപിക്കൽ, മരുന്നുവാങ്ങൽ മറ്റ് ഉപകരണങ്ങൾ മെഡിക്കൽ ക്യാമ്പ് തുടങ്ങിയവയാണ് പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവർത്തനങ്ങൾ. ഇതു നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** ആംബുലൻസ് വാങ്ങാൻ അനുമതി നിരസിച്ചു. ആംബുലൻസ് വാടകയ്ക്കെടുക്കേണ്ടതാണ്. ആംബുലൻസ് ഡ്രൈവറുടെ വേതനം, മെഡിക്കൽ ക്യാമ്പ് എന്നിവ ഒഴിവാക്കി മറ്റ് ഘടകങ്ങൾ നടപ്പാക്കാൻ അനുമതി നൽകുന്നു.

**നടപടി- തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**

**4.30 ക്ലീൻ കേരള കമ്പനി മാനേജിംഗ് ഡയറക്ടറുടെ 19.07.2018, 16.08.2018 എന്നീ തീയതികളിലെ ക്ലീൻ കേരള കമ്പനി മാനേജിംഗ് ഡയറക്ടറുടെ 19.07.2018, 16.08.2018 എന്നീ തീയതികളിലെ 3/CKCL/2017-ാം നമ്പർ കത്തുകൾ ( LSGD-DC1/380/2018/LSGD)**

റിസോഴ്സ് റിക്കവറി ഫെസിലിറ്റിയുടെ (RRF) പ്രവർത്തന പരിപാലനത്തിന് ക്ലീൻ കേരള കമ്പനിക്ക് പ്രതിവർഷം ഉണ്ടാകുന്ന അധിക ചെലവ് നികത്തുന്നതിന്റെ ഭാഗമായി ആദ്യത്തെ ഒരു വർഷം (2018-19-ൽ) തദ്ദേശഭരണ സ്ഥാപനങ്ങൾ 2,06,000/- രൂപ വയബിലിറ്റിഗ്യാപ് ഫണ്ട് ആയി ക്ലീൻ കേരള കമ്പനിക്ക് നൽകുന്നതിന് 08.02.2018-ലെ ഉത്തരവ് പ്രകാരം തീരുമാനമായിരുന്നു. അജൈവ മാലിന്യങ്ങൾ കൈകാര്യം ചെയ്യുമ്പോൾ കമ്പനിക്ക് നഷ്ടമുണ്ടാകുന്നതിനാൽ താഴെപ്പറയുന്നവ കൂടി അനുവദിച്ചു നൽകണമെന്നതു സംബന്ധിച്ച്

i) തദ്ദേശഭരണ സ്ഥാപനങ്ങൾ MCF കളിൽ നിന്നും തരം തിരിച്ച് സൂക്ഷിച്ചിരിക്കുന്ന അജൈവ മാലിന്യങ്ങൾ ശേഖരിച്ച് RRF ലേയ്ക്ക് ട്രാൻസ്പോർട്ട് ചെയ്യുന്നതിന് കമ്പനി വ്യവസ്ഥകൾ (ട്രാൻസ് പോർട്ടേഷൻ, കയറ്റിയിറിക്ക് കൂലി, മറ്റുള്ളവയ്ക്കായി ഉണ്ടാകുന്ന ചെലവ് മെറ്റീരിയൽ ഫസിലിറ്റിയിൽ മാലിന്യം സൂക്ഷിക്കേണ്ടവിധം ബ്ലോക്ക്തല RRFകളുടെ പ്രവർത്തനം മുതലായവ) ഉൾക്കൊള്ളിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കരാറിൽ ഏർപ്പെടണമെന്നും ഈ ഇനത്തിലു ണ്ടാകുന്ന ചെലവുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾ വഹിക്കണമെന്നുമുള്ള ആവശ്യം

ii) ക്ലീൻ കേരള കമ്പനി മുഖേന മെഷീനറികൾ സ്ഥാപിച്ചിട്ടുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ RRF ന്റെ പ്രവർത്തന പരിപാലനവുമായി ബന്ധപ്പെട്ട് ചെലവാകുന്ന തുക കരാർ വ്യവസ്ഥകൾക്കനുസൃതമായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അവരുടെ പ്ലാൻ ഫണ്ടിൽ നിന്ന് ക്ലീൻ കേരള കമ്പനിക്ക് മുൻകൂറായി നൽകണമെന്ന ആവശ്യം,

**തീരുമാനം :-** തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ സാമ്പത്തിക ഭാരം ഉണ്ടാകുന്ന ആവശ്യമാണ് എന്നു യോഗം നിരീക്ഷിച്ചു. ഇതുവരെ സ്ഥാപിച്ച റിക്കവറി ഫെസിലിറ്റികളുടെ വരവും ചെലവും സംബന്ധിച്ച വിശദാംശങ്ങൾ, ക്ലീൻ കേരള കമ്പനിയുമായി കരാറിൽ ഏർപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ, കരാറിൽ ഏർപ്പെടാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവയടക്കമുള്ള വിശദാംശങ്ങൾ സഹിതം ശുചിത്വ

മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ കൂടി അഭിപ്രായത്തോടെ നൽകണം. പിന്നീട് പരിഗണിക്കും.

**നടപടി- തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്**

**4.31 കാസറഗോഡ് ജില്ലാ പഞ്ചായത്ത്**

**കാസറഗോഡ് ജില്ലാ കളക്ടറുടെ 03.09.18 ലെ 475/2018/DPC/DPO/KSD നമ്പർ കത്ത്**

2018-19 വാർഷിക പദ്ധതിയിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട അംഗീകൃത തെയ്യം കലാകാരന്മാർക്ക് ആടയാഭരണങ്ങൾ വാങ്ങി നൽകുന്നതിന് പ്രോജക്ട തയ്യാറാക്കിയിട്ടുണ്ട്. (പ്രോ.നം. 138/19 അടങ്കൽ 10.00 ലക്ഷം) ഈ പ്രോജക്ട നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** പ്രത്യേക അനുമതി നൽകുന്നു. ചെലവ് നിരക്ക് നൂതന പ്രോജക്ടിനുള്ള ജില്ലാതല സമിതി നിശ്ചയിക്കേണ്ട താണ്

**നടപടി- തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**

**4.32 മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡിന്റിന്റെ 23.05.2018-ലെ കത്ത്**

പ്രോ.നം. 1052/18 , അടങ്കൽ 30.00 ലക്ഷം രൂപ
പ്രോജക്ടിന്റെ പേര്:- നിലമ്പൂർ അമൽ കോളേജിൽ ടോയ് ലറ്റ് കോംപ്ലക്സ്
നിലമ്പൂർ അമൽ കോളേജിൽ ടോയ് ലറ്റ് കോംപ്ലക്സ് നിർമ്മിക്കുന്നതിനുള്ള പ്രോജക്ടിന് അനുമതി സംബന്ധിച്ച്.

**തീരുമാനം :-** പ്രത്യേക അനുമതി നൽകുന്നു.

**നടപടി- തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**

**4.33 ചാവക്കാട് മുനിസിപ്പൽ ചെയർമാന്റെ 26.09.2018-ലെ കത്ത്**

മഴക്കാല രോഗങ്ങളെ നിയന്ത്രണ വിധേയമാക്കുന്നതിന്റെ ഭാഗമായി ചാവക്കാട് താലൂക്ക് ആശുപത്രിയിൽ 2 ഡോക്ടർമാരേയും ഒരു ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറേയും നിയമിച്ചിരുന്നു. ഇവർക്ക് വേതനം നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** തനത് ഫണ്ടിൽ നിന്ന് നൽകുന്നതിന് പ്രത്യേക അനുമതി നൽകുന്നു

**നടപടി- തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**

(യോഗം വൈകിട്ട് 5.30 ന് അവസാനിച്ചു)

അനുബന്ധം

**<u>യോഗത്തിൽ പങ്കെടുത്തവർ</u>**

1 അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
2 മെമ്പർ സെക്രട്ടറി,സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് (പ്രതിനിധി)
3 സെക്രട്ടറി, പ്ലാനിംഗ് ആന്റ് എക്കണോമിക് അഫയേഴ്സ് (പ്രതിനിധി)
4 പ്രിൻസിപ്പൽ സെക്രട്ടറി, ഫിനാൻസ് ഡിപ്പാർട്ട്മെന്റ് (പ്രതിനിധി)
5 ഡയറക്ടർ, കില
6 ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്
7 ഡയറക്ടർ, നഗരകാര്യ വകുപ്പ് (പ്രതിനിധി)
8 ഗ്രാമവികസന കമ്മീഷണർ
9 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
10 ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് ഡിപ്പാർട്ട്മെന്റ്
11 എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം(പ്രതിനിധി)
12 ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
13 ഡയറക്ടർ, എസ്.സി. ഡെവലപ്മെന്റ് (പ്രതിനിധി)
14 എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ(പ്രതിനിധി)
15 ജോയിന്റ് ഡയറക്ടർ, എം.ജി.എൻ.ആർ.ഇ.ജി.എ (പ്രതിനിധി)
16 സി.ഇ.ഒ, ലൈഫ് മിഷൻ (പ്രതിനിധി)
17 അഡീഷണൽ ഡയറക്ടർ, വുമൺ ആന്റ് ചൈൽഡ് ഡെവലപ്മെന്റ്
18 കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ (പ്രതിനിധി)